മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 35 | THE ONLINE OFFICIAL NEWS BULLETIN | 2025 August 28

SEASON OF TRANSFIGURATION | തേജസ്കരണകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
31 3rd Sunday after Shunoyo 45th Mem. of Parettu Mathews Mar Ivanios ☩ (Pampady Dayara) 3	1 7	2 151st Mem. of Yuyakin Mar Koorilose Metropolitan ☩ (Marthoman Palli, Mulanthuruthi) 3	3 7	4 Comme. Of St. Dioascoros of Alexandria 3	5 7	6 3



റൂബി ജൂബിലി ഉദ്ഘാടനം നിർവഹിച്ചു

സുൽത്താൻ ബത്തേരി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സുൽത്താൻ ബത്തേരി ഭദ്രാസനം രൂപീകൃതമായതിന്റെ നാല്പതാം വാർഷിക ഉദ്ഘാടനം നിർവഹിച്ചു. സുൽത്താൻ ബത്തേരി ഭദ്രാസന ആസ്ഥാനത്ത് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ റൂബി ജൂബിലി ഉദ്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പരിശുദ്ധ കാതോലിക്കാബാവാ റൂബി ജൂബിലിയുടെ ലോഗോ പ്രകാശനം ചെയ്തു. ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യസ്പർശം ചാരിറ്റബിൾ ട്രസ്റ്റ് നിർമ്മിച്ചു നൽകുന്ന നാല് വീടുകളുടെ താക്കോൽ ദാനവും നടന്നു. ചടങ്ങിൽ അഡ്വ. ടി. സിദ്ദിഖ് MLA മുഖ്യസന്ദേശം നൽകി. യുഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി അനുഗ്രഹ പ്രഭാഷണം നടത്തുകയും സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ്സ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ. ബേബി ജോൺ, റൂബി ജൂബിലി ജനറൽ കൺവിനർ ഫാ. ജോസഫ് പി. വർഗീസ് എന്നിവർ പ്രസംഗിച്ചു. 40 കർമ്മപദ്ധതികളാണ് ജൂബിലിയോട് അനുബന്ധിച്ച് നടപ്പിലാക്കുന്നത്.



തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ പെരുന്നാളിൽ പ. കാതോലിക്കാ ബാവാ ശ്ലൈഹിക വാഴ്വ് നൽകുന്നു.



ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ രജത ജൂബിലി സമ്മേളനം

ശാസ്താംകോട്ട: മലങ്കര ഓർത്തഡോക്സ് സഭയുടെ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ രജത ജൂബിലി സമ്മേളനം ശാസ്താംകോട്ട മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പലിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ആർദ്ര പ്രസിഡന്റ് ഡോ. ഏബഹാം മാർ സെറാഫിം അധ്യക്ഷത വഹിച്ചു. ചികിത്സാ ഉപകരണങ്ങളുടെ വിതരണം ഡോ. ജോസഫ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്തു.

കൊല്ലം ഭദ്രാസന സെക്രട്ടറി ഫാ. പി ടി ഷാജൻ, കോട്ടയം ദേവലോകം അരമന മാനേജർ യാക്കോബ് റമ്പാൻ, ഡാനിയൽ റമ്പാൻ, രജത ജൂബിലി ആഘോഷ കമ്മിറ്റി ചെയർമാൻ ഫാ. കെ വൈ വിൽസൺ, ചാപ്പൽ മാനേജർ ഫാ. സാമുവൽ ജോർജ്, ആർദ്ര സെക്രട്ടറി ജോസഫ് അലക്സാണ്ടർ, ആർദ്ര ട്രഷറർ റോയ് തോമസ് സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഐസി ചെറിയാൻ ജോൺസൺ ജി ഉമ്മൻ റോബിൻ പി അലക്സ് സാജു വർഗീസ് ജോൺസൺ കല്ലട, ഷെറിൻ പാറേത്ത്, ആർദ്ര കേന്ദ്ര എക്സിക്യൂട്ടീവ് അംഗം കെ.ജി കോശി വൈദ്യൻ, ഫാ. ജോസ് എം ഡാനിയേൽ, ഫാ. ഇ. വൈ ജോൺസൺ തുടങ്ങിയവർ പ്രസംഗിച്ചു




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എറണാകുളം പബ്ലിക് റിലേഷൻസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജൂറിസ്റ്റ്കോൺ 2025 ലീഗൽ കോൺഫറൻസ് പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1961)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



24-5-1961. ഡൽഹി പള്ളിവികാരി കെ. സി. തോമസ് കത്തനാരും അയാളുടെ അനുജൻ കെ. സി. മാത്യൂസ് ശെമ്മാശനും കൂടി ഇവിടെ വന്നു. മാത്യൂസ് ശെമ്മാശന്റെ കല്യാണം (മെയ് 29-ാം തീയതി) വിവരം അറിയിക്കുവാൻ വന്നതാണ്. അവർ നമുക്ക് കാഴ്ചവസ്തുക്കളുമായിട്ടാണ് വന്നത്. പ്രക്കാനത്തുകാരൻ ജോർജ് ശെമ്മാശൻ ഇവിടെ വന്നിരുന്നു. അയാളുടെ കല്യാണം ജൂൺ മാസം 5-ാം തീയതി ആണെന്നുള്ള വിവരം നമ്മെ അറിയിച്ചു. പത്തനംതിട്ട നിന്നു പാലമൂട്ടിലെ കോറെപ്പിസ്ക്കോപ്പാ ഇവിടെ വന്നു നമ്മെ കണ്ടു. അയാളുടെ കൂടെ കാവുക്കാട്ട് വീട്ടിലെ കുഞ്ഞുകുഞ്ഞും അയാളുടെ മക്കളും വന്നിരുന്നു. അവർക്കു എന്തോ അസുഖങ്ങൾ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുയെന്നു അവർ പറഞ്ഞു. അതിനുവേണ്ടി അവരുടെ തലയിൽ കൈവച്ച് നാം പ്രാർത്ഥിക്കണമെന്ന് അവർക്കു വേണ്ടി വല്യച്ചൻ നമ്മോടു ആവശ്യപ്പെട്ടു. നാം അവരുടെമേൽ പ്രാർത്ഥിച്ചു. അവർ സന്തോഷത്തോടെ തിരികെ പോകുകയും ചെയ്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

പരുമല മാനേജർ കെ. ബി. മാത്യൂസ് കത്തനാർ ഇവിടെ വന്നിരുന്നു. എം. ഡി. സെമിനാരി കാര്യങ്ങൾ നമ്മോടു പറഞ്ഞു. ഇന്നു പാമ്പാക്കുട നിന്നു പാലപ്പള്ളിലെ കൊച്ചു കത്തനാരും ചെമ്മങ്കുഴ കത്തനാരും കൂടി വന്നിരുന്നു. പാമ്പാക്കുട ചെറിയപള്ളിയുടെ പണി സംബന്ധമായ കാര്യങ്ങൾ നമ്മെ അറിയിച്ചു. നാം പള്ളിപണിക്കു വേണ്ടി 700 രൂപാ പാലപ്പള്ളിലെ കത്തനാരെ ഏല്പിച്ചു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

26-5-1961. ഇന്നു സ്വർണ്ണ വെള്ളിയാഴ്ചയാണ്. രാവിലെ വി. കുർബ്ബാന റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. മോടിശ്ശേരിൽ മാത്യൂസ് കത്തനാർ വന്നിരുന്നു. നിരണത്തു നാം ചെല്ലുന്ന കാര്യം അറിയിക്കുവാൻ വന്നതാണ്. അയാൾ ഉടൻതന്നെ പോയി.

27-5-1961. രാവിലെ 8 മണിക്കു നിരണത്തു പോകുവാൻ നാം ഒരുങ്ങിയിരുന്നതാണ്. വലിയ മഴ നിമിത്തം നിരണത്തേക്കുള്ള യാത്ര മാറ്റി വച്ചു. ഇന്ന് ആറാട്ടുപുഴക്കാരൻ കെ. ഒ. കോശിയും ചെങ്ങന്നൂർക്കാരൻ എം. കെ. ഏബ്രഹാമും കൂടെ ഇവിടെ വന്നു നമ്മെ കണ്ടു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് കാര്യങ്ങൾ നമ്മോടു പറഞ്ഞു. അവർ ഉച്ചയ്ക്കുശേഷം തിരികെ പോയി. ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം ഇവിടെ വന്നിരുന്നു. അരമന പണിക്കു വേണ്ടി 3500 രൂപ കുര്യൻ ഏബ്രഹാമിനെ ഏല്പിച്ചു. കെ. ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നിരുന്നു. അയാൾ വശം പാത്രിയർക്കീസ് ബാവാ നമുക്കു വേണ്ടി അയച്ചുകൊടുത്ത അറബി ഭാഷയിൽ എഴുതിയിട്ടുള്ള സഭാചരിത്രവും, പാത്രിയർക്കീസിന്റെ ജീവചരിത്രവുമായ മൂന്നു പുസ്തകങ്ങൾ നമ്മെ അയാൾ ഏല്പിച്ചു.

28-5-1961. രാവിലെ വി. കുർബ്ബാന മാനേജർ റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. 10 മണിക്കു നിരണത്തേക്കു യാത്ര തിരിച്ചു. 11.30-നു നിരണം പള്ളിയിൽ എത്തി. നിരണം വലിയപള്ളിയിൽ എത്തി ലുത്തിനിയാ കഴിച്ചു. അതിനുശേഷം കാറിൽ നിരണം ഹൈസ്കൂളിലേക്കു പോയി. അവിടെ വിശ്രമിച്ചു. ദീവന്നാസ്യോസ് തിരുമേനി അവിടെ ഉണ്ടായിരുന്നു. കൂറിലോസ് മെത്രാച്ചൻ, യൂത്ത് ലീഗിന്റെ മീറ്റിംഗ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഉച്ചഭക്ഷണത്തിനു ശേഷം മീറ്റിംഗിനു വേണ്ടി നമ്മുടെ അദ്ധ്യക്ഷതയിൽ ഹൈസ്കൂളിന്റെ ഹാളിൽ കൂടി. നമ്മെ കൂടാതെ പ്ലാറ്റ്ഫോറത്തിൽ ദീവന്നാസ്യോസ് മെത്രാച്ചൻ, കൂറിലോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ ഉണ്ടായിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ, കെ. ഫീലിപ്പോസ് കത്തനാർ, പുത്തൻകാവ് മാത്തൻ തരകന്റെ മകൻ കെ. എം. തരകൻ മുതലായവർ പ്രസംഗിച്ചു. നമ്മുടെ ഉപസംഹാര പ്രസംഗത്തിൽ 'യുവാക്കൾ എല്ലാവരും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളണമെന്നു' നാം പറഞ്ഞു. 5 മണിയോടു കൂടി മീറ്റിംഗ് അവസാനിച്ചു. പരുമല സെമിനാരിയിൽ പോയി താമസിക്കണമെന്നായിരുന്നു നാം നേരത്തെ നിശ്ചയിച്ചിരുന്നത്. നിരണത്തു തന്നെ താമസിച്ചു. പീലക്സിനോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും ഇന്നുതന്നെ പോയി. ദീവന്നാസ്യോസ് തിരുമേനി നമ്മോടു കൂടി ഉണ്ട്. ഇവിടെ താമസിക്കുകയാണ്. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

29-5-1961. ദീവന്നാസ്യോസ് തിരുമേനി 12 മണിയോടു കൂടി തിരികെ പോയി. ഉച്ചയ്ക്കുശേഷം നാം പരുമല സെമിനാരിയിലേക്കു പോയി. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

30-5-1961. 9 മണിക്ക് പരുമല സെമിനാരിയിൽ നിന്നു യാത്ര തിരിച്ചു 11 മണിയോടു കൂടി കാതോലിക്കേറ്റ് അരമനയിൽ എത്തി. തുമ്പമൺ ഇടവകയുടെ ദാനിയേൽ മാർ പീലക്സിനോസ്, പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ കൂറിലോസ് എന്നീ തിരുമേനിമാർ ഇവിടെ ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാച്ചൻ 11 മണിക്കു ശേഷം ഇവിടെ വന്നു. സഭാ സംബന്ധമായ പല കാര്യങ്ങൾ അവർ ആലോചിച്ചു. ഉച്ചയ്ക്കുശേഷം തിരുവല്ലായിൽ നിന്നും ദീവന്നാസ്യോസ് തിരുമേനി ഇവിടെ വന്നു. അതിനുശേഷം നമ്മുടെ സഹായി ഒരാളെ തിരഞ്ഞെടുക്കുന്ന കാര്യം നമുക്ക് സന്തോഷമാണോയെന്നുള്ള വിവരം ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മോടു വന്നു ചോദിച്ചു. അങ്ങനെ ആളെ തെരഞ്ഞെടുക്കുന്നതു നമുക്ക് സന്തോഷമാണെന്നു മെത്രാച്ചനോടു പറഞ്ഞു. അവർ എല്ലാവരും കൂടി ആലോചിച്ചതിന്റെ ശേഷം തുമ്പമൺ ഇടവകയുടെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ നമ്മുടെ സഹായിയായി അവർ തിരഞ്ഞെടുത്തു. ആ വിവരം അവർ നമ്മെ അറിയിച്ചു. പീലക്സിനോസ് മെത്രാച്ചനും എന്നെപ്പോലെ ... മുള്ള ആളാ

ണെന്നു പലരും പറയുന്നത് എന്നു നാം അവരോടു പറഞ്ഞു. അവർ എല്ലാവരും തിരികെ പോയി.

31-5-1961. നരിയാപുരത്തുകാരൻ പി. ഇ. ജേക്കബ് കത്തനാർ വന്നു നമ്മെ കണ്ടു. റാന്നിക്കാരൻ തോമ്മസ് ശെമ്മാശനും അയാളുടെ ഭാര്യയും കൂടി വന്നു കണ്ടു. അവർ ഉടൻതന്നെ തിരികെ പോയി. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.*********

19-3-1961. രാവിലെ ഏഴു മണിക്ക് സിംഹാസനപള്ളിയിലേക്കു തിരിച്ചു. സേവേറിയോസ് മെത്രാപ്പോലീത്തായും ഉണ്ടായിരുന്നു. സേവേറിയോസ് മെത്രാച്ചൻ, മേക്കാട്ടുകുളം ദാവീദ് കത്തനാർ എന്നിവരോടു കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. കബറുങ്കൽ (സ്ലീബാ മാർ ഒസ്താത്തിയോസ്) ധൂപം വച്ചു. ഒരു ലഘു പ്രസംഗം ചെയ്തു. കാപ്പിമേശ കഴിഞ്ഞ് ആർത്താറ്റ് വലിയപള്ളിയിൽ എത്തി വിശ്രമിച്ചു. കുട്ടിയപ്പൻ, ജോർജുകുട്ടി, ചാക്കോച്ചൻ, കൊച്ചുകൊച്ച് തുടങ്ങിയവർ വന്നിരുന്നു. നമസ്കാരം കഴിഞ്ഞ് കുന്നംകുളം പഴയപള്ളിയിലേക്കു ആഘോഷസമേതം പോയി. മീറ്റിംഗിൽ തീമോത്തിയോസ് മെത്രാച്ചൻ, ഒസ്താത്തിയോസ് മെത്രാച്ചൻ, സേവേറിയോസ് മെത്രാച്ചൻ, അത്താനാസ്യോസ് മെത്രാച്ചൻ എന്നിവർ സന്നിഹിതരായിരുന്നു. കെ. ഫീലിപ്പോസ് കത്തനാർ, ചാക്കോ ജോർജ്, എം. ഏബ്രഹാം എന്നിവരും അത്താനാസ്യോസ്, തീമോത്തിയോസ് എന്നീ മെത്രാന്മാരും പ്രസംഗിച്ചു. ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. വൈദികരും ധാരാളം ഉണ്ടായിരുന്നു. 9 മണിയോടു കൂടി പഴയപള്ളിയിലേക്കു തിരിച്ചുപോന്നു. ഗബ്രിയേൽ കത്തനാർ, മാനേജർ ജേക്കബ് കത്തനാർ എന്നിവരും വന്നിരുന്നു. കാതോലിക്കേറ്റ് പാലസ് കൂദാശ ചെയ്തു.

20-3-1961. ഡോ. അലക്സാണ്ടർ കുത്തിവച്ചു, പാറമേൽ കുറിയാക്കോസ് കത്തനാർ വന്നു.

21-3-1961. പഴഞ്ഞി പള്ളിക്കാർ വന്ന് നമ്മെ കണ്ടു. സി. വി. ഏബ്രഹാം കത്തനാർ, യൗസേഫ് കത്തനാർ, പി. റ്റി. ശമുവേൽ എന്നിവരും ഉണ്ടായിരുന്നു. തീമോത്തിയോസ് മെത്രാച്ചനെ കാണുവാൻ പഴയ പള്ളിയിൽ പോയി. ഒസ്താത്തിയോസ് മെത്രാച്ചനും അവിടെ ഉണ്ടായിരുന്നു.

22-3-1961. പുത്തൻകാവിൽ നിന്നും ജോൺ കത്തനാർ അവിടെ കൊഴുവല്ലൂർ എന്ന സ്ഥലത്ത് നമ്മുടെ മാനേജുമെന്റിൽ ഒരു സ്കൂൾ തുടങ്ങുന്നതിന് അനുവാദം ചോദിക്കുന്നതിനായി വന്നു. ഉമ്മനും ഉണ്ടായിരുന്നു. ആരക്കുന്നം സഖറിയാ കത്തനാരും ചാക്കോ മാസ്റ്ററും വന്നു. മൂലേപ്പാട്ടയിൽ വറുഗീസ് വന്നു. കോട്ടയത്തു നിന്നു മാനേജർ ജേക്കബ് കത്തനാരും നൈനാനും ഉപ്പൂട്ടിൽ കുഞ്ഞച്ചനും വന്നിരുന്നു.

23-3-1961. റിട്ടയാർഡ് മജിസ്ട്രേറ്റ് താരു വന്നിരുന്നു. കൊച്ചുമകളുടെ കുട്ടിയുടെമേൽ കൈവച്ചു പ്രാർത്ഥിച്ചു. എം. ഏബ്രഹാം വന്നിരുന്നു.

24-3-1961. വി. കുർബ്ബാന പുലിക്കോട്ടിൽ ജോസഫ് കത്തനാർ ചൊല്ലി. നാം കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു.

25-3-1961. വികാരി ജോസഫ് കത്തനാർ കുർബ്ബാന ചൊല്ലി. നാം പ്രസംഗിച്ചു.

26-3-1961. ഊശാന ഞായറാഴ്ച നാം ഏഴര മണിക്ക് പള്ളിയിൽ പോയി. ഏകദേശം 12 മണിക്ക് മുമ്പായി ശുശ്രൂഷ കഴിഞ്ഞു.

27-3-1961. കോട്ടയം പഴയ സെമിനാരിയിൽ നിന്നും റ്റി. ഇ. ജോർജും ജി. ജോണും വന്നിരുന്നു.

28-3-1961. നമസ്കാരം കഴിഞ്ഞ് ആളുകളോട് ജി. ജോൺ പ്രസംഗിച്ചു.

29-3-1961. നമസ്കാരം കഴിഞ്ഞ് ജോർജ് പ്രസംഗിച്ചു.

30-3-1961. പെസഹാ വ്യാഴാഴ്ച. മൂന്നു മണിക്കു നമസ്കാരത്തിനു പോയി. ഏഴു മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. എല്ലാവരും വി. കുർബ്ബാന അനുഭവിച്ചു. വികാരി ജോസഫ് കത്തനാർ ശവക്കോട്ട പള്ളിയിൽ കുർബ്ബാന ചൊല്ലി.

രണ്ടു മണിക്ക് കാലുകഴുകൽ ശുശ്രൂഷ തുടങ്ങി. കാലു കഴുകലിനു വൈദികർ ധാരാളം ഉണ്ടായിരുന്നു. 4.30-നു ശുശ്രൂഷകൾ ഭംഗിയായി അവസാനിച്ചു. എം. ഏബ്രഹാം, പൂപ്പള്ളി പാപ്പൻ, പുരയ്ക്കൽ അനിയൻ എന്നിവർ വന്നിരുന്നു.

31-3-1961. ദുഃഖവെള്ളിയാഴ്ച ശുശ്രൂഷ 7 മണിക്ക് ആരംഭിച്ചു. ഇടയ്ക്ക് പ്രസംഗങ്ങൾ ഉണ്ടായിരുന്നു. ധാരാളം ആളുകൾ സംബന്ധിച്ചു. മൂന്നര കഴിഞ്ഞപ്പോൾ ശുശ്രൂഷ അവസാനിച്ചു. ഡോ. പോൾ വന്നു നമ്മെ പരിശോധിച്ചു. വൈകിട്ട് ഡോ. ചാക്കോ ജോർജ് വന്നിരുന്നു.

1-4-1961 (ശനി). ഉച്ചനമസ്കാരത്തോടു കൂടി കുർബ്ബാന ആരംഭിച്ചു. വികാരി ജോസഫ് കത്തനാർ കുർബ്ബാന ചൊല്ലി.

2-4-1961. ഒരു മണിയോടു കൂടി നാം പള്ളിയിൽ പോയി. ശുശ്രൂഷയിൽ ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. വൈദികരും ഉണ്ടായിരുന്നു. ഉയിർപ്പ് ശുശ്രൂഷയും കുർബ്ബാനയും ഏകദേശം ആറര മണിയോടു കൂടി അവസാനിച്ചു. കാപ്പിമേശയ്ക്കു ശേഷം ധാരാളംപേരുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു കൈമുത്തിച്ചു. അതിനുശേഷം ആർത്താറ്റ് കാതോലിക്കേറ്റ് പാലസ് പണിത മരആശാരി, കല്ലാശാരി മുതലായവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്തു. പിന്നീട് അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവായുടെ പടം വലിയ ആഡംബരത്തോടു കൂടി എതിരേറ്റു കൊണ്ടുവന്ന് വലിയപള്ളിയിൽ പ്രതിഷ്ഠിച്ചു. അപ്പോൾ നമ്മുടെ ഫോട്ടോ എടുക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം കോട്ടയത്തു നിന്ന് മാനേജർ ജേക്കബ് കത്തനാരും പി. സി. ചെറിയാനും കൊച്ചുകൊച്ചും ജോർജുകുട്ടിയും വന്നിരുന്നു. നാലു മണി കഴിഞ്ഞ് പഴയപള്ളിയിലെ സണ്ടേസ്കൂൾ കുട്ടികളുടെ വാർഷികത്തിന് പോയി. ഇടയ്ക്കു കയറി ലുത്തിനിയാ കഴിച്ചു. എ.ആർ.പി. യിൽ കയറി നാം പ്രാർത്ഥിച്ചു. പുലിക്കോട്ടിൽ തിരുമേനിയുടെ കുടുംബമാണ്. അതുകൊണ്ടാണ് പ്രത്യേകമായി ആ ഭവനത്തിൽ കയറിയത്. അതിനുശേഷം സണ്ടേസ്കൂൾ വാർഷികത്തിൽ സംബന്ധിച്ചു. ധാരാളം കുട്ടികളും സ്ത്രീപുരുഷന്മാരും വൈദികരും സന്നിഹിതരായിരുന്നു. വിജയികളായ കുട്ടികൾക്ക് നമ്മുടെ കൈ കൊണ്ട് സമ്മാനം നൽകി. ഏഴു മണിയോടു കൂടി മീറ്റിംഗ് അവസാനിച്ച് നാം ആർത്താറ്റ് പള്ളിയിലേക്കു തിരിച്ചു മടങ്ങുകയും ചെയ്തു.

3-4-1961 (തിങ്കൾ). പാത്രിയർക്കീസ് ബാവായുടെ പടം കോട്ടയത്തു നിന്നും കൊണ്ടുവരുന്നതിനായി പാറമേൽ കുറിയാക്കോസ് കത്തനാർക്ക് കല്പന കൊടുത്തു. അഞ്ചു മണിയോടു കൂടി ചെറളയം ഓർത്തഡോക്സ് സിറിയൻ കോൺവെന്റിനു വേണ്ടി മറിയം മഗ്ദലത്തായുടെ നാമത്തിൽ ഒരു കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. ടി സ്ഥലം മാർ പീലക്സിനോസ് ട്രസ്റ്റിന്റെ വകയാണ്. കല്ലിടീൽ ശുശ്രൂഷയ്ക്കു ശേഷം പുതുക്രിസ്ത്യാനി സ്ത്രീകൾക്ക് വസ്ത്രദാനവും ഉണ്ടായിരുന്നു. ധാരാളം ആളുകൾ സന്നിഹിതരായിരുന്നു. ഫോട്ടോ എടുക്കുകയും ചെയ്തു. അതിനുശേഷം കാറുകളുടെ അകമ്പടിയോടു കൂടി പഴഞ്ഞി പള്ളിയിലേക്ക് പോവുകയും ചെയ്തു. കത്തിച്ച തിരികളോടുകൂടി പള്ളിയിലേക്ക് ആനയിക്കപ്പെട്ടു. സന്ധ്യാനമസ്കാരത്തിന് ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. ചാക്കോ ജോർജ് വന്ന് പൗലോസ് പീലക്സിനോസിന്റെ കാര്യവും തൃശൂർ പള്ളിയിൽ അദ്ദേഹം കയറിയതിൽ തെറ്റിപ്പോയി എന്ന് നമ്മോടു അറിയിക്കുകയും ചെയ്തു. ദാവീദ് കത്തനാരും തോമസ് കത്തനാരും ഉണ്ടായിരുന്നു.

4-4-1961 (ചൊവ്വ). പഴഞ്ഞി പള്ളിയിൽ ജോസഫ് കത്തനാർ വിശുദ്ധ കുർബ്ബാന ചൊല്ലി. നാമും സന്നിഹിതനായിരുന്നു. ഉച്ചയ്ക്കുശേഷം സണ്ടേസ്കൂൾ കുട്ടികളുടെയും കമ്മിറ്റിക്കാരുടെയും ഫോട്ടോ എടുത്തതിൽ നാമും സന്നിഹിതനായിരുന്നു. ലുത്തിനിയാ കഴിഞ്ഞ് അഞ്ചു മണിയോടു കൂടി പഴഞ്ഞിയിൽ നിന്നും തിരിച്ചു എഴുന്നള്ളി. യാത്രാമദ്ധ്യേ കരിക്കാട് സെന്റ് മേരീസ് പള്ളിയിൽ കയറുകയും ലുത്തിനിയായ്ക്കു ശേഷം അയ്യംപറമ്പ് പള്ളിയിൽ എഴുന്നെള്ളുകയും അവിടുത്തെ ശവക്കോട്ടയ്ക്ക് കല്ലിടുകയും ചെയ്തു. അതിനുശേഷം ചിറളയം പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചു. പിന്നീട് പാടത്ത് മാണിയുടെ വീട് കൂദാശ ചെയ്യുകയും ചെയ്തു. അതിനുശേഷം ആർത്താറ്റ് വലിയപള്ളിയിലേക്ക് മടങ്ങുകയും ചെയ്തു. പരുമല മാനേജർ മാത്യൂസ് കത്തനാരും കെ. സി. ഉമ്മൻ ശെമ്മാശനും വന്നിരുന്നു. സേവേറിയോസ് മെത്രാച്ചൻ വന്നിരുന്നു. പാത്രിയർക്കീസ് ബാവായുടെ പടം കൊണ്ടുവന്നു.

5-4-1961. ചൊവ്വന്നൂർ പരുമല തിരുമേനിയുടെ നാമത്തിൽ സിംഹാസനത്തിന്റെ പേരിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് ഒരു ദേവാലയത്തിന് കല്ലിടീൽ നടത്തി. സേവേറിയോസ് മെത്രാച്ചനും നമ്മുടെ കൂടെ ഉണ്ടായിരുന്നു. ഫോട്ടോ എടുത്തിരുന്നു. പുലിക്കോട്ടിൽ വീട്ടിൽ നിന്ന് (എ.ആർ.പി.) ഒരു കിണ്ടിയും ഒരു ബേസിനും തന്നു. ചാക്കോ ജോർജ് വന്നിരുന്നു. പാത്രിയർക്കീസ് ബാവായുടെ ഫോട്ടോ ഫ്രെയിം ചെയ്യുവാൻ അദ്ദേഹം കൊണ്ടുപോയി.

6-4-1961. കോട്ടയത്തു നിന്നും റ്റി. എം. സഖറിയാ ശെമ്മാശൻ വന്നിരുന്നു. അയാളുടെ വിവാഹത്തെക്കുറിച്ച് നമ്മോടു പറയുകയുണ്ടായി.

7-4-1961. പഴഞ്ഞിയിലെ ജോസഫ് കത്തനാർ വന്നിരുന്നു. സഖറിയാ ശെമ്മാശൻ തിരിച്ചുപോയി. ചാലശേരി ജോസഫ് കത്തനാർ വന്നിരുന്നു. പള്ളിക്കു ചുറ്റും നടന്ന് സ്ഥലങ്ങൾ കണ്ടു.

8-4-1961. ചെറുവത്തൂർ പത്രോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം പള്ളിയിൽ എഴുന്നെള്ളിയിരുന്നു. പാത്രിയർക്കീസ് ബാവായ്ക്കു മറുപടി അയച്ചു.

9-4-1961. ഞായറാഴ്ച ആർത്താറ്റു പള്ളിയിൽ വി. കുർബ്ബാന ചൊല്ലി. ജോസഫ് കത്തനാരും ദാവീദ് കത്തനാരും ഉണ്ടായിരുന്നു. പാത്രിയർക്കീസ് ബാവാ അയച്ചുതന്ന പടവും നമ്മുടെ ഒരു പടവും കൂടി ആനപ്പുറത്ത് എഴുന്നെള്ളിച്ചു പട്ടണം ചുറ്റി പ്രദക്ഷിണം നടത്തി. 3.30-നു പഴയപള്ളിയിൽ നിന്നും ഘോഷയാത്ര തുടങ്ങി. അനേകം ആളുകളുടെയും ബാന്റ്, ചെണ്ട മുതലായവയും എല്ലാം ഘോഷയാത്രയെ മോടിപിടിപ്പിച്ചു. മിക്കവാറും സ്ഥലങ്ങളിൽ പടങ്ങൾക്കു മാലയിടുകയും ചെയ്തു. 8 മണിയോടു കൂടി ഘോഷയാത്ര ആർത്താറ്റ് പാലസിൽ എത്തി. വാദ്യമേളക്കാർക്ക് നാം സമ്മാനമായി രൂപ കൊടുത്തു. ചേറുവിന്റെ ഭവനത്തിൽ പോയിരുന്നു.

10-4-1961. ഏകദേശം ഏഴു മണിയോടു കൂടി ആർത്താറ്റ് പള്ളിയിൽ നിന്നും ലുത്തിനിയാ കഴിഞ്ഞു സിംഹാസനപള്ളിയിൽ കയറി പ്രാർത്ഥന കഴിഞ്ഞിട്ട് തൃശൂർ പള്ളിയിലെത്തി കാപ്പിമേശ കഴിഞ്ഞ്, ആലുവാ സിമ്മനാരിയിൽ കയറി കബറുങ്കൽ ധൂപപ്രാർത്ഥന കഴിഞ്ഞു ഉച്ചമേശ കഴിഞ്ഞ് എറണാകുളം പള്ളിയിലെത്തി. അവിടെനിന്നും തൃപ്പൂണിത്തുറ പെങ്ങളുടെ വീട്ടിൽ കയറി കാപ്പി കഴിഞ്ഞ് കോട്ടയത്തിനു തിരിക്കുകയും ചെയ്തു. യാത്രയിൽ ദീവന്നാസ്യോസ് മെത്രാച്ചനെയും സേവേറിയോസ് മെത്രാച്ചനെയും കാണുകയുണ്ടായി. 8 മണിയോടു കൂടി ദേവലോകം അരമനയിൽ എത്തുകയും ചെയ്തു.

11-4-1961. ജോസഫ് ശെമ്മാശൻ, സഖറിയാ ശെമ്മാശൻ എന്നിവർ വിവാഹകാര്യം പറവാൻ വന്നിരുന്നു. മണലിൽ യാക്കോബ് കത്തനാരും പഴയസെമിനാരിയിൽ നിന്ന് പീലിപ്പോസ് കത്തനാരും അലക്സാണ്ടർ കത്തനാരും മല്പാൻ യോഹന്നാൻ എന്നിവർ വന്നിരുന്നു. കുട്ടിയപ്പൻ വന്നിരുന്നു. കടമ്പനാട് ജോർജ് കത്തനാരും വന്നിരുന്നു.

12-4-1961. ഉപ്പൂട്ടിൽ കത്തനാർ വന്നിരുന്നു. കുണ്ടറ നിന്നു കുറിയാക്കോസ് ശെമ്മാശൻ വന്നിരുന്നു. കുണ്ടറ മത്തായി പണിക്കർ കത്തനാർ വന്നിരുന്നു.

13-4-1961. പുതുപ്പള്ളിയിൽ നിന്നും ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് തിരിച്ചുപോയി.

14-4-1961. തീമോത്തിയോസു മെത്രാച്ചനും വെങ്ങാഴി ജോർജ് കത്തനാരും വന്നു.

15-4-1961. പുത്തൻകാവു പള്ളിയിൽ നിന്നും ഉമ്മൻ, ഉണ്ണി, കൊച്ചൂഞ്ഞ്, ജോർജ് തുടങ്ങിയവർ വന്ന് പുത്തൻകാവ് പള്ളിയിലെ പെരുനാളിന്റെ കാര്യവും അവിടെ ഒരു കഥാപ്രസംഗം നടത്തുന്ന കാര്യവും അറിയിച്ചു. ഒരു കല്പന അവരുടെ കയ്യിൽ മെത്രാച്ചനു കൊടുക്കുകയും ചെയ്തു. പരുമല മാനേജർ മാത്യൂസ് കത്തനാർ വന്നിരുന്നു. കെ. സി. ഉമ്മൻ ശെമ്മാശൻ വന്നിരുന്നു.

16-4-1961. നാം വി. കുർബ്ബാന ഞായറാഴ്ച ചൊല്ലി. ഡോ. ചാക്കോ ജോർജ് തൃശൂർ നിന്നും വന്നിരുന്നു. ഡോ. തോമസ് താമരപ്പള്ളി വന്നിരുന്നു. തോമ്മസ് ശെമ്മാശൻ പുത്തൻകാവിൽ പോയി. സഖറിയാ ശെമ്മാശൻ തിരുവല്ലായ്ക്കു പോയി. പുത്തൻകാവിനു കല്പന ...

17-4-1961. ഇടനാട്ടുകാരൻ സഖറിയാ ശെമ്മാശന്റെ കല്യാണത്തിനു മാനേജർ ജയിക്കബ് കത്തനാർ പോയിരുന്നു. പുത്തൻകാവിൽ കൊച്ചുമെത്രാച്ചന്റെ ചാത്തം ഇന്നായിരുന്നു. ദീവന്നാസ്യോസ്, തീമോത്തിയോസ്, പീലക്സിനോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാർ പുത്തൻകാവിൽ ഉണ്ടായിരുന്നു. പീലക്സിനോസ് മെത്രാൻ അവിടെ നിന്നും ഇതുവഴി വന്നിരുന്നു. കോളജിന്റെ കാര്യങ്ങളെക്കുറിച്ചു സംസാരിക്കയുണ്ടായി.

18-4-1961. സി. റ്റി. ഈപ്പൻ കത്തനാർ വന്നിരുന്നു. എം. സി. ചാക്കോ, റ്റി. പി. പീലിപ്പോസ് എന്നിവർ സഭയിൽ സമാധാനമായി കഴിയുന്നത് കാണുവാൻ സന്തോഷമാണ് എന്നറിയിച്ചു. മാർ ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. കുണ്ടറ ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ വന്നിരുന്നു. തെക്കേപ്പുരയിൽ പണിക്കർ കത്തനാർ വന്നിരുന്നു.

19-4-1961. മണലിൽ യാക്കോബ് കത്തനാർ വന്നു. നല്ലില ദാനിയേൽ കത്തനാർ വന്നിരുന്നു. തീമോത്തിയോസ് മെത്രാച്ചൻ വന്നു.

20-4-1961. തീമോത്തിയോസ് മെത്രാച്ചൻ ഇവിടെ വന്നിട്ട് മൂവാറ്റുപുഴ അരമനയിലേക്കു പോയി. അത്താനാസ്യോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ അസോസ്യേഷന്റെ കാര്യത്തെക്കുറിച്ച് ചിന്തിക്കുവാൻ സെൻട്രൽ കമ്മിറ്റി കൂടി.

21-4-1961. വെങ്ങാഴിയിൽ ഗീവറുഗീസ് കത്തനാരും മക്കളും കൂടി വന്നിരുന്നു. കെ. ഫീലിപ്പോസ് കത്തനാർ വന്നു. ഉച്ചയ്ക്കുശേഷം പരുമല സിമ്മനാരിയിലേക്കു പോയി.

22-4-1961. പരുമല സെമിനാരിയിൽ എം. വി. ജോർജ് കത്തനാർ കുർബ്ബാന ചൊല്ലി. മോടിശ്ശേരിൽ മാത്യൂസ് കത്തനാരും മോടിശ്ശേരിൽ പുന്നൂസ് കത്തനാരും വന്നു നമ്മെ കണ്ടു. കാട്ടൂർക്കാരൻ ജോസഫ് ശെമ്മാശൻ അയാളുടെ കല്യാണകാര്യം അറിയിക്കുവാൻ വന്നു.

23-4-1961. ഞായർ. വി. കുർബ്ബാന നാം തന്നെ ചൊല്ലി. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. സഭാകാര്യത്തെക്കുറിച്ചും മറ്റും പറയുകയും പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അപേക്ഷിക്കണം എന്നും പറഞ്ഞു. തുടർന്ന് കബറുങ്കൽ ധൂപം വയ്ക്കുകയും ചെയ്തു. ധാരാളം ആളുകൾ വന്നിട്ടുണ്ടായിരുന്നു. അതിനുശേഷം ഏകദേശം മൂന്നു മണിയോടു കൂടി ലുത്തിനിയാ കഴിഞ്ഞ് കോട്ടയത്തേക്കു മടങ്ങുകയും ചെയ്തു. കോട്ടയം അടുക്കാറായപ്പോൾ അത്താനാസ്യോസ് മെത്രാച്ചനും മാനേജർ ജയിക്കബ് കത്തനാരും നമ്മെ കാണാൻ യാത്ര തിരിച്ചു വഴിമദ്ധ്യേ അവരെ കാണുകയും അവർ തിരികെ അരമനയിൽ വരികയും സഭാസമാധാനകാര്യം അറിയിക്കയും ചെയ്തു.

24-4-1961. ഉച്ചകഴിഞ്ഞ് വർക്കിംഗ് കമ്മിറ്റി കൂടി. അത്താനാസ്യോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. അസോസ്യേഷനെക്കുറിച്ചും മറ്റും ചിന്തിച്ചു. അതിനുശേഷം നാലു മണി കഴിഞ്ഞു പഴയസെമിനാരിയിലേക്കു പോവുകയും ചെയ്തു. പീലക്സിനോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും സേവേറിയോസ് മെത്രാച്ചനും കൂറിലോസു മെത്രാച്ചനും തീമോത്തിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു.

25-4-1961. ചൊവ്വ. എട്ടു മണിയോടു കൂടി പഴയസെമിനാരിയിലേക്കു പോയി. ഗ്രീഗോറിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും അവിടെ വന്നു. മെത്രാച്ചന്മാരോട് പിൻഗാമിയെ തിരഞ്ഞെടുക്കുന്ന കാര്യവും സഭയുടെ കാര്യവും മറ്റും പറയുകയുണ്ടായി. മെത്രാച്ചന്മാർ എല്ലാവരും തീമോത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. ഉച്ചകഴിഞ്ഞ് വീണ്ടും കൂടി ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. നമ്പ്യാർ മദ്രാസിൽ നിന്നും എറണാകുളത്ത് വന്നു. കേസിന്റെ കാര്യത്തെക്കുറിച്ച് ആലോചിച്ചു.

26-4-1961. ബുധൻ. ഒൻപതു മണി കഴിഞ്ഞ് പഴയസെമിനാരിയിൽ പോയി. തീമോത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു. സിനഡ് തീമോത്തിയോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. അഞ്ച് അംഗകമ്മിറ്റിയും കൂടിയിരുന്നു. ഉച്ചയ്ക്കുശേഷം മൂന്നു മണിയോടു കൂടി മാനേജിംഗ് കമ്മിറ്റിക്ക് സംബന്ധിക്കുവാനായി എം.ഡി. സെമിനാരിയിലേക്കു പോന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ മാനേജിംഗ് കമ്മിറ്റി യോഗം ആരംഭിച്ചു. മിനിറ്റ്സ് പാസ്സാക്കുന്നതിനു മുമ്പ് തന്നെ അത്താനാസ്യോസ് മെത്രാച്ചനെ മീറ്റിംഗ് നടത്താൻ അധികാരപ്പെടുത്തി. നാം കുറെ കഴിഞ്ഞപ്പോൾ അരമനയിലേക്കു മടങ്ങുകയും ചെയ്തു. അരമനയിൽ വന്നപ്പോൾ സ്റ്റേ അനുവദിച്ച കാര്യം അറിയുകയും ചെയ്തു. നമസ്കാരവും കഴിഞ്ഞ് ധാരാളം ആളുകൾ നമ്മെ കാണുവാൻ വന്നിരുന്നു. കെ. എം. ചെറിയാനും ഇലഞ്ഞിക്കൽ ബേബി തുടങ്ങിയവർ വന്നിരുന്നു. മനോരമയിൽ ഒരു പ്രസ്താവന നാം കൊടുക്കുകയും ചെയ്തു.

27-4-1961 (വ്യാഴം). രാവിലെ പീലക്സിനോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും വന്നു. ഉച്ചമേശ കഴിഞ്ഞ് നാലു മണിക്ക് തിരിച്ചു കൊരട്ടി അരമനയിലേക്കു

പോയി. ധാരാളം വൈദികരും പള്ളി പ്രതിനിധികളും അരമനയിൽ വന്നിരുന്നു.

28-4-1961. റ്റി. ജി. സഖറിയാ ശെമ്മാശൻ തിരുവനന്തപുരത്തിനു പോയി. കൊച്ചു ശെമ്മാശൻ (റ്റി. എം. സഖറിയ) വന്നിരുന്നു. എം. ഏബ്രഹാം വന്നിരുന്നു.

29-4-1961. എം. ഏബ്രഹാം രാവിലെ തിരിച്ചുപോയി. ഉച്ച കഴിഞ്ഞ് തുമ്പമൺ പള്ളിയിൽ യുവജന സമാജത്തിന്റെ മീറ്റിംഗിനു സംബന്ധിക്കുവാൻ പോയി. പന്തളം റ്റി.ബി. യിൽ 4 മണിക്ക് വിശ്രമിച്ച് കാപ്പിമേശയും കഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചൻ, ഗ്രീഗോറിയോസ് മെത്രാച്ചൻ, ഒസ്താത്തിയോസ് മെത്രാച്ചൻ, പീലക്സിനോസ് മെത്രാച്ചൻ, കൂറിലോസ് മെത്രാച്ചൻ എന്നിവരോടുകൂടി പന്തളത്തു നിന്നും തുമ്പമൺ പള്ളിയിലേക്കു ധാരാളം ആളുകളുടെയും വൈദികരുടെയും യുവജന പ്രതിനിധികളുടെയും അകമ്പടിയോടു കൂടി പള്ളിയിൽ എത്തി. സന്ധ്യാനമസ്കാരം കഴിഞ്ഞ് പള്ളികെട്ടിടത്തിൽ വിശ്രമിച്ചു. മെത്രാച്ചന്മാർ പീലക്സിനോസ് തിരുമേനി ഒഴിച്ച് ബാക്കി എല്ലാവരും ഉടനെ മടങ്ങുകയും ചെയ്തു.

30-4-1961 (ഞായർ). രാവിലെ നാം വി. കുർബ്ബാന ചൊല്ലി. പീലക്സിനോസ് മെത്രാച്ചനും ഉണ്ടായിരുന്നു. കെന്നത്ത് ഷാർപ്പ് കുർബ്ബാന കാണുന്നതിനു ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞുള്ള പൊതുമീറ്റിംഗിൽ നാം അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. മന്ത്രി ഇ. പി. പൗലോസ് പ്രസംഗിച്ചു. ഏബ്രഹാം കോർഎപ്പിസ്കോപ്പായും സി. എം. സ്റ്റീഫനും പ്രസംഗിച്ചു. ഉപസംഹാരത്തിൽ നാം സഭയുടെ ഇപ്പോഴത്തെ കാര്യത്തെക്കുറിച്ചു പറഞ്ഞു. മാർത്തോമ്മായ്ക്കു സിംഹാസനം ഇല്ല എന്നു പറയുന്നവർ വേദവിപരീതികളാണെന്നു പറഞ്ഞു. യൂലിയോസും അതുപോലെയാണ്.

1-5-1961. രാവിലെ കാപ്പിമേശ കഴിഞ്ഞ് കോട്ടയത്തിനു പോന്നു. കൊച്ചുശെമ്മാശൻ അന്നുതന്നെ വീട്ടിൽ പോയി. തോമസ് ശെമ്മാശൻ തുമ്പമൺ നിന്നും വീട്ടിൽ പോയി.

2-5-1961. തോമസ് ശെമ്മാശൻ വന്നു. വൈകിട്ട് തോമസ് ശെമ്മാശന്റെ അപ്പൻ, ശെമ്മാശന്റെ കല്യാണത്തെക്കുറിച്ച് പറഞ്ഞു.

3-5-1961. ലാസർ കത്തനാർ വന്നു. ആലുവാ കോളജിൽ പഠിപ്പിക്കുന്ന വി. സി. മാത്യു വന്നിരുന്നു. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഇ. ജോൺ ഫീലിപ്പോസിന്റെ ദീനവിവരം അറിയിച്ചു.

4-5-1961. മാനേജർ ജെയിക്കബ് കത്തനാരും മണലിൽ യാക്കോബ് കത്തനാരും നമ്മുടെ കല്പന അനുസരിച്ച് ഇ. ജെ. ഫീലിപ്പോസിനെ കാണുവാൻ തിരുവനന്തപുരത്തു പോയി. വൈകിട്ട് 8 മണിക്ക് മരിച്ചുയെന്നു വിവരം അറിഞ്ഞു.

5-5-1961. രാവിലെ ഏഴര മണിക്ക് ഇ. ജെ. ഫീലിപ്പോസിനെ ശവമടക്കുന്നതിനു പോയി. 11 മണിക്ക് അയാളുടെ വീട്ടിൽ ചെന്നു പ്രാർത്ഥിച്ചു. പിന്നീട് പള്ളിയിൽ വിശ്രമിച്ച ശേഷം നാലര മണിക്ക് ശവം അടക്കുന്നതിന് ശവക്കോട്ടയിൽ പോയി ശുശ്രൂഷ നടത്തി. ധാരാളം വൈദികരും ജനങ്ങളും സംബന്ധിച്ചിരുന്നു. മന്ത്രിമാരായ പട്ടം താണുപിള്ള, ദാമോദരമേനോൻ, വേലപ്പൻ, ഉമ്മർകോയ, ഇ. പി. പൗലൂസ്, ചന്ദ്രശേഖർ എന്നിവർ വന്നു നമ്മെ കണ്ടു നമ്മോടു സംസാരിച്ചു. മുഖ്യമന്ത്രിയെപ്പറ്റി ഈശ്വരപ്രസാദമുള്ള മന്ത്രിയെന്നു നാം പറഞ്ഞു. അവർ എല്ലാവരും സന്തോഷത്തോടു കൂടെ തിരികെ പോയി. ഇതുപോലെ തന്നെ നാം എല്ലാവരും തിരികെ പോകേണ്ടവരാണ്. അതുകൊണ്ട് അത് ഓർത്തു വേണം ഭരിക്കാൻ എന്ന് വീണ്ടും പറഞ്ഞു. അവർ സന്തോഷത്തോടു കൂടെ പോയി. നാം തിരികെ പാറ്റൂർ പള്ളിയിൽ നിന്നു പള്ളിയിലേക്കു പോയി. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ഈ പള്ളിയിൽ ഇന്ന് കൊണ്ടാടുകയാണ്. സന്ധ്യാനമസ്കാരത്തിനു ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു.

6-5-1961. രാവിലെ വി. മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. വി.കുർബ്ബാനയ്ക്കു ശേഷം നേർച്ചവിളമ്പ് ഉണ്ടായിരുന്നു. ഇ. ജെ. ഫീലിപ്പോസിന്റെ മകൻ ഇ. പി. ഈപ്പൻ പള്ളിമുറിയിൽ നമ്മെ കണ്ടു. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

7-5-1961. ഇന്ന് രാവിലെ നാം വി. കുർബ്ബാന ചൊല്ലുകയും കുർബ്ബാനമദ്ധ്യേ നാം പ്രസംഗിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് കുണ്ടറ സെമിനാരിയിലേക്കു യാത്ര തിരിച്ച് അഞ്ചു മണിയോടു കൂടി കുണ്ടറ സെമിനാരിയിൽ എത്തി. അവിടെ ആരുംതന്നെയില്ലായിരുന്നു. തടത്തിവിള തോമസ് കത്തനാർ വന്നു നമ്മെ കണ്ടു.

8-5-1961. ഇന്നു രാവിലെ 10 മണിക്ക് കൂറിലോസ് മെത്രാച്ചൻ വന്നു നമ്മെ കണ്ടു. കുണ്ടറ തെക്കേപുരയിലെ കോശി പണിക്കരുടെ കൊച്ചുമകന്റെ കല്യാണം ഇന്നു കുണ്ടറ വലിയപള്ളിയിൽ വച്ച് നാം നടത്തിക്കൊടുത്തു. കൂറിലോസ് മെത്രാച്ചൻ സംബന്ധിച്ചിരുന്നു. 12 മണിക്ക് തിരികെ വന്നു. മൂന്നു മണിക്ക് കൂറിലോസ് മെത്രാച്ചന്റെ കൂടെ കൊല്ലത്ത് പുതുതായി പണിത അരമനകെട്ടിടം കാണാനായി പോയി. വികാരി ജോബു കത്തനാർ, സി. പി. ഉമ്മൻ, ഡോ. ടൈറ്റസ്, റ്റി. ജി. മാത്യു മുതലായ ആളുകൾ നമ്മുടെ വരവ് പ്രമാണിച്ചു അരമനക്കെട്ടിടത്തിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. 5 മണിയോടു കൂടി കുണ്ടറ സെമിനാരിയിലേക്കു തിരികെ പോന്നു. സന്ധ്യയ്ക്കുശേഷം തെക്കേപുരയിൽ തോമാ പണിക്കർ ഇവിടെ വന്നു. അയാളുടെ രണ്ടു മക്കളുടെ മാമോദീസാ മുക്കി കൊടുക്കണമെന്നു നമ്മോട് ആവശ്യപ്പെട്ടു. നാളെ നടത്തിക്കൊടുക്കാമെന്ന് നാം പറഞ്ഞു.

9-5-1961. രാവിലെ വി. കുർബ്ബാന വറുഗീസ് പണിക്കർ കത്തനാർ ചൊല്ലി. കുർബ്ബാനയ്ക്കുശേഷം രണ്ടു കുട്ടികളെ മാമോദീസാ മുക്കി. ഉച്ചയ്ക്കുശേഷം കോട്ടയത്തേക്കു യാത്ര തിരിച്ചു. 4 മണിക്കു ഇവിടെ എത്തി.

10-5-1961. രാവിലെ തലവടി സെന്റ് തോമസ് ദേവാലയത്തിന്റെ വികാരി ഫീലിപ്പോസ് കത്തനാരും കളത്തിലെ കീവർച്ചനും കൂടി വന്നു നമ്മെ കണ്ടു. അവർ അവരുടെ പള്ളിയിലെ ശതാബ്ദ ജൂബിലി ആഘോഷത്തിന് നമ്മെ കൊണ്ടുപോകുന്നതിനായി വന്നതാണ്. അവരുടെ ദീർഘനേരത്തെ നിർബന്ധം മൂലം നാം തലവടി പള്ളിയിലേക്കു ചെല്ലാമെന്ന് സമ്മതിച്ചു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല. ഇടനാട്ടുകാരൻ സഖറിയാ ശെമ്മാശൻ ഇന്നു ഇവിടെ വന്നിട്ടുണ്ട്.

11-5-1961. രാവിലെ വി. കുർബ്ബാന ജേക്കബ് കത്തനാർ ചൊല്ലി. സ്വർഗ്ഗാരോഹണ പെരുന്നാളാണ്. 10 മണിക്ക് തിരുവല്ലാ ബഥനി അരമനയിലേക്കു യാത്ര തിരിച്ചു. 12 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കൂടി അവിടെ വന്നു. പീലക്സിനോസ് മെത്രാച്ചൻ പുത്തൻകാവ് പള്ളിയിലേക്കു പോയി. 2 മണിക്ക് തലവടി പള്ളിയിലേയ്ക്കു പോയി. പള്ളിയിൽ കയറി ലുത്തിനിയായ്ക്കു ശേഷം പള്ളിമുറിയിൽ കയറി അല്പം വിശ്രമിച്ച ശേഷം പുതുതായി പണിയുവാൻ പോകുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നാം നിർവ്വഹിച്ചു. അതിനുശേഷം ജൂബിലി സമ്മേളനം നമ്മുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്തതു കേന്ദ്ര ഭക്ഷ്യ മന്ത്രി എ.എം. തോമസ് ആയിരുന്നു. തോമസ് ജോൺ എം.എൽ.എ., മക്കപ്പുഴ വാസുദേവൻ പിള്ള, കൂറിലോസ് മെത്രാച്ചൻ മുതലായവർ പ്രസംഗിച്ചു. 6 മണിക്ക് തലവടി പള്ളിയിൽ നിന്നും കോട്ടയത്തേക്കു തിരിച്ചു. നമ്മുടെ കൂടെ നിന്ന റാന്നിക്കാരൻ തോമസ് ശെമ്മാശൻ അയാളുടെ കല്യാണത്തിന്റെ ഒരുക്കത്തിനായി ഇന്നേ ദിവസം വീട്ടിലേക്ക് പോയി. ഇടനാട്ടുകാരൻ സഖറിയാ ശെമ്മാശൻ ഇന്ന് ഇവിടെ വന്നു അരമനയിൽ താമസിക്കുന്നുണ്ട്. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

12-5-1961. ഇന്നു കാലത്തു പഴയസെമിനാരി മാനേജർ കെ. ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നു. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

13-5-1961. കോതമംഗലത്തുകാരൻ ആദായി കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. അയാൾ പോകുന്നനേരം അയാൾക്കു പത്തു രൂപാ കൊടുത്തു. കുഴിമറ്റത്തു നിന്നു അലക്സാണ്ടർ കോറെപ്പിസ്ക്കോപ്പാ വന്നു നമ്മെ കണ്ടു. അയാൾ സന്ധ്യ വരെ നമ്മോടു കൂടെ ഉണ്ടായിരുന്നു.

14-5-1961. രാവിലെ വി. കുർബ്ബാന നാം ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

15-5-1961. ഇന്നു ദൈവമാതാവിനെക്കുറിച്ചുള്ള കതിരുകളെക്കുറിച്ചുള്ള ഓർമ്മദിവസമാണ്. രാവിലെ വി. കുർബ്ബാന റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. കുർബ്ബാനയ്ക്കു നാം പോയില്ല. ശരീരത്തിനു നല്ല സുഖമില്ലായിരുന്നു.

(തുടരും)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



ശെബയിലെ രാജ്ഞി

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ശെബാ രാജ്ഞി എന്നറിയപ്പെടുന്ന ശക്തയായ ഒരു സ്ത്രീയെക്കുറിച്ച് ബൈബിൾ മനോഹരമായി പരാമർശിക്കുന്നു. ദക്ഷിണ അറേബ്യ (ആധുനിക യെമൻ) അല്ലെങ്കിൽ എത്യോപ്യ പ്രദേശത്താണെന്ന് വിശ്വസിക്കപ്പെടുന്ന ഒരു സമ്പന്ന രാജ്യത്തിന്റെ രാജ്ഞിയായിരുന്നു അവൾ. അവളേക്കുറിച്ച് 1 രാജാക്കന്മാർ 10:1–13 ലും 2 ദിനവൃത്താന്തം 9:1–12 ലും നമുക്ക് കാണാം.

അറിവ്, സമ്പത്ത്, നേതൃത്വം എന്നിവയ്ക്ക് പേരുകേട്ട ഇസ്രായേലിലെ രാജാവായ ശലോമോന്റെ ജ്ഞാനത്തെയും മഹത്വത്തെയും കുറിച്ച് അവൾ കേട്ടു. ശെബാ രാജ്ഞി ജിജ്ഞാസുവായിരുന്നു, ശലോമോനെക്കുറിച്ച് കേട്ടതെല്ലാം സത്യമാണോ എന്ന് അറിയാൻ ആഗ്രഹിച്ചു. അതിനാൽ, അവനെ സന്ദർശിക്കാൻ ഒരു നീണ്ട യാത്ര നടത്താൻ അവൾ തീരുമാനിച്ചു. ഒരു സഞ്ചാരി എന്ന നിലയിൽ മാത്രമല്ല, പഠിക്കാനും നിരീക്ഷിക്കാനും മനസ്സിലാക്കാനും ആഗ്രഹിക്കുന്ന ചിന്താശേഷിയും ജ്ഞാനവുമുള്ള ഒരു നേതാവായിട്ടാണ് അവൾ വന്നത്.

1. ജിജ്ഞാസയും സത്യത്തിനായുള്ള ആഗ്രഹവും

ശെബാ രാജ്ഞിയുടെ ഏറ്റവും ശക്തമായ ഗുണങ്ങളിലൊന്ന് അവളുടെ ജിജ്ഞാസയായിരുന്നു. കേട്ടതെല്ലാം അവൾ സ്വീകരിച്ചില്ല. കാര്യങ്ങൾ സ്വയം മനസിലാക്കുവാൻ അവൾ ആഗ്രഹിച്ചു. ബൈബിൾ പറയുന്നു: “ശെബാ രാജ്ഞി യഹോവയുടെ നാമം സംബന്ധിച്ച് ശലോമോനുള്ള കീർത്തി കേട്ടിട്ട് കടമൊഴികളാൽ അവനെ പരീക്ഷിക്കേണ്ടതിന് വന്നു” (1 രാജാക്കന്മാർ 10:1).



ശലോമോനെ കഠിനമായ ചോദ്യങ്ങളാൽ പരീക്ഷിക്കാൻ അവൾ വന്നു. അവൾ ചിന്താശേഷിയും ബുദ്ധിശക്തിയുമുള്ളവളായിരുന്നു എന്ന് ഇത് കാണിക്കുന്നു. സത്യം കണ്ടെത്താനും ശലോമോന്റെ ജ്ഞാനത്തെക്കുറിച്ച് കൂടുതലറിയാനും അവൾ ആഗ്രഹിച്ചു.

ചോദ്യങ്ങൾ ചോദിക്കേണ്ടതിന്റെയും സത്യം അന്വേഷിക്കേണ്ടതിന്റെയും നാം കേൾക്കുന്നതെല്ലാം അന്ധമായി വിശ്വസിക്കാതിരിക്കേണ്ടതിന്റെയും പ്രാധാന്യം ഇത് നമ്മെ പഠിപ്പിക്കുന്നു.

2 ധൈര്യവും ദൃഢനിശ്ചയവും

ശെബയിലെ രാജ്ഞി ഇസ്രായേലിനടുത്ത് താമസിച്ചിരുന്നില്ല. മരുഭൂമികളിലൂടെയും അപകടകരമായ ദേശങ്ങളിലൂടെയും അവൾക്ക് ദീർഘവും ദുഷ്കരവുമായ ഒരു യാത്ര നടത്തേണ്ടിവന്നു. വിലയേറിയ സമ്മാനങ്ങൾ വഹിച്ചുകൊണ്ട് ഒരു വലിയ കൂട്ടം സേവകരും മൃഗങ്ങളും അവളോടൊപ്പം സഞ്ചരിച്ചിരുന്നു. “അവൾ അതിമഹത്തായ പരിവാരത്തോടും സുഗന്ധവർഗവും അനവധി പൊന്നും രത്നവും ചുമന്ന ഒട്ടകങ്ങളോടും കൂടെ യെരുശലേമിൽ വന്നു.” 1 രാജാക്കന്മാർ 10:2

പുരാതന കാലത്ത് ഒരു സ്ത്രീക്ക് അത്തരമൊരു യാത്ര എളുപ്പമായിരുന്നില്ല. എങ്കിലും അവൾ വലിയ ധൈര്യത്തോടും ദൃഢനിശ്ചയത്തോടും മുന്നിട്ടിറങ്ങുന്നു. ശലോമോനെ സമീപിക്കുന്നതിൽ നിന്ന് ഭയമോ ദൂരമോ തന്നെ തടയാൻ അവൾ അനുവദിച്ചില്ല.

ജ്ഞാനത്തിനും സത്യത്തിനും വേണ്ടി സാഹസങ്ങൾ ഏറ്റെടുത്ത ധീരയും ദൃഢനിശ്ചയവുമുള്ള ഒരു നേതാവായിരുന്നു ശെബാരാജ്ഞി എന്ന് ഇത് കാണിക്കുന്നു.

3 ബുദ്ധിയും ജ്ഞാനവും

ശെബയിലെ രാജ്ഞി ജിജ്ഞാസു മാത്രമല്ല – അവൾ വളരെ ബുദ്ധിമതിയും ആയിരുന്നു. ‘കഠിനമായ ചോദ്യങ്ങളാൽ അവനെ പരീക്ഷിക്കാൻ അവൾ വന്നു.’ അവൾ ശലോമോനോട് ആഴമേറിയതും വെല്ലുവിളി നിറഞ്ഞതുമായ ചോദ്യങ്ങൾ ചോദിച്ചു. ശലോമോന്റെ ജ്ഞാനത്തിന്റെ ആഴം കാണാനാണ് അവൾ ഇത് ചെയ്തത്. ശലോമോൻ അവളുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകി. ശലോമോന്റെ ജ്ഞാനസമ്പൂർണമായ ഉത്തരങ്ങളും ഒപ്പംതന്നെ ഭരണനൈപുണ്യവും രാജ്യത്തിലെ വിഭവശേഷിയും കണ്ട് അവൾ അത്ഭുതപ്പെട്ടു.

ജ്ഞാനിയായ ഒരു വ്യക്തിക്ക് മാത്രമേ മറ്റുള്ളവരിൽ ജ്ഞാനം തിരിച്ചറിയാൻ കഴിയൂ. അവളുടെ ചോദ്യങ്ങളും അവൾ എല്ലാം പരിശോധനാ രീതിയും എല്ലാം അവളുടെ ജ്ഞാനം, അറിവ്, വിവേകം എന്നിവയെ എടുത്ത് കാണിക്കുന്നു.

4 നിരീക്ഷകയും ചിന്താശേഷിയും

ശെബാരാജ്ഞി ശലോമോന്റെ ഉത്തരങ്ങൾ ശ്രദ്ധിക്കുക മാത്രമല്ല ചെയ്തത്. അവന്റെ കൊട്ടാരം, ഭക്ഷണം, ദാസന്മാരുടെ വസ്ത്രങ്ങൾ, ആരാധനാരീതികൾ, മറ്റു പലതും അവൾ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു. “ശെബാ രാജ്ഞി ശലോമോന്റെ സകല ജ്ഞാനവും അവൻ പണിത അരമനയും അവന്റെ മേശയിലെ ഭക്ഷണവും അവന്റെ ഭൃത്യന്മാരുടെ ഇരിപ്പും അവന്റെ ശുശ്രൂഷകന്മാരുടെ നിലയും അവരുടെ ഉടുപ്പും അവന്റെ പാനപാത്രവാഹകന്മാരെയും യഹോവയുടെ ആലയത്തിലേക്കുള്ള അവന്റെ എഴുന്നള്ളത്തും കണ്ടിട്ട് അമ്പരന്നുപോയി.” എന്നാണ് ബൈബിൾ പറയുന്നത് (1 രാജാക്കന്മാർ 10:4–5).

ഇതിനർത്ഥം അവൾ പൂർണ്ണമായും അത്ഭുതപ്പെട്ടുപോയി എന്നാണ്. അവൾ പെട്ടെന്ന് വിധിച്ചില്ല. അവൾ ആഴത്തിൽ ചിന്തിച്ചു, അഭിപ്രായം പറയുന്നതിനു മുമ്പ് എല്ലാം ശ്രദ്ധയോടെ പരിശോധിച്ചു. അവൾ ചിന്താശേഷിയുള്ളതും ജ്ഞാനമുള്ളതുമായ ഒരു നിരീക്ഷകയാണെന്ന് ഇത് കാണിക്കുന്നു.

5 സത്യസന്ധതയും വിനയവും

എല്ലാം കാണുകയും കേൾക്കുകയും ചെയ്ത ശേഷം, ശെബാരാജ്ഞി

സത്യസന്ധമായും താഴ്മയോടെയും സംസാരിച്ചു. അവൾ പറഞ്ഞു: "ഞാൻ വന്ന് എന്റെ കണ്ണുകൊണ്ട് കാണുന്നതുവരെ ആ വർത്തമാനം വിശ്വസിച്ചില്ല എന്നാൽ പാതി പോലും ഞാൻ അറിഞ്ഞിരുന്നില്ല ഞാൻ കേട്ട കീർത്തിയെക്കാൾ നിന്റെ ജ്ഞാനവും ധനവും അധികമാകുന്നു" (1 രാജാക്കന്മാർ 10:7). താൻ കണ്ട കാര്യങ്ങൾ താൻ കേട്ടതിനേക്കാൾ വലുതാണെന്ന് അവൾ സമ്മതിച്ചു.

മറ്റൊരാൾ വലിയവനോ ജ്ഞാനിയോ ആണെന്ന് അംഗീകരിക്കാൻ എളിമയുള്ള ഒരു ഹൃദയം ആവശ്യമാണ്. പല ഭരണാധികാരികൾക്കും അഭിമാനം തോന്നിയേക്കാം, പക്ഷേ ശെബാ രാജ്ഞി ശലോമോനെ പ്രശംസിക്കുന്നതിൽ സത്യസന്ധയും വിനയവുമുള്ളവളായിരുന്നു. ഇത് നമ്മെ സത്യം സംസാരിക്കാനും മറ്റുള്ളവരിലെ നന്മയെ അസൂയയില്ലാതെ വിലമതിക്കാനും പഠിപ്പിക്കുന്നു.

6 ഔദാര്യവും കൃതജ്ഞതയും

ശെബാ രാജ്ഞി ശലോമോന് നിരവധി സമ്മാനങ്ങൾ കൊണ്ടുവന്നു. അവൾ അവന് നൽകിയതായി ബൈബിൾ പറയുന്നു: "അവൾ രാജാവിന് നൂറ്റിയിരുപത് താലന്ത് പൊന്നും അനവധി സുഗന്ധ വർഗ്ഗവും രത്നവും കൊടുത്തു. ശെബാ രാജ്ഞി ശലോമോൻ രാജാവിന് കൊടുത്ത സുഗന്ധവർഗ്ഗം പോലെ അത്രവളരെ പിന്നെ ഒരിക്കലും വന്നിട്ടില്ല" (1 രാജാക്കന്മാർ 10:10).

ഇത് അവളുടെ ഔദാര്യത്തെ കാണിക്കുന്നു. അവൾ വെറുംകൈയോടെയല്ല വന്നത്. ശലോമോന്റെ ജ്ഞാനത്തിനും ആതിഥ്യമര്യാദയ്ക്കും വേണ്ടി അവനെ ബഹുമാനിക്കാൻ അവൾ ആഗ്രഹിച്ചു. കൂടാതെ, അവൾ പോയപ്പോൾ ശലോമോനിൽ നിന്ന് സമ്മാനങ്ങൾ ലഭിച്ചു. പരസ്പര ബഹുമാനത്തിന്റെയും സൗഹൃദത്തിന്റെയും അടയാളമായി അവർ സമ്മാനങ്ങൾ കൈമാറി. യഥാർത്ഥ നേതാക്കൾ ഉദാരമതികളും നന്ദിയുള്ളവരുമാണെന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു, സമ്പത്തിൽ മാത്രമല്ല, ഹൃദയത്തിലും സമ്പന്നരാണ്.

ശെബ രാജ്ഞിയുടെ പരാമർശം ഒരു രാജകീയ സന്ദർശനത്തെക്കുറിച്ചല്ല. ജ്ഞാനിയും ചിന്താശേഷിയുമുള്ള ഒരു വ്യക്തി എങ്ങനെ പെരുമാറുന്നു എന്നതിനെക്കുറിച്ചുള്ള പ്രധാന പാഠങ്ങൾ ഇത് നമ്മെ പഠിപ്പിക്കുന്നു. അവൾ വലിയ ശക്തിയുള്ള ഒരു രാജ്ഞിയായിരുന്നിട്ടും, ശലോമോന്റെ ജ്ഞാനത്തെക്കുറിച്ച് കൂടുതലറിയാൻ അവൾ വളരെ ദൂരം സഞ്ചരിക്കാൻ തയ്യാറായിരുന്നു. ഇത് സത്യത്തിനും മനസിലാക്കലിനുമുള്ള അവളുടെ ശക്തമായ ആഗ്രഹത്തെ കാണിക്കുന്നു.

ചോദ്യങ്ങൾ ചോദിക്കാൻ അവൾ ഭയപ്പെട്ടില്ല, നിരീക്ഷിക്കാനും ആഴത്തിൽ ചിന്തിക്കാനും അവൾ സ്വന്തം മനസ്സ് ഉപയോഗിച്ചു. ശലോമോന്റെ ജ്ഞാനം അവൾ പ്രതീക്ഷിച്ചതിലും വലുതാണെന്ന് അവൾ കണ്ടെത്തിയപ്പോൾ, അവൾ സത്യസന്ധതയോടെയും എളിമയോടെയും സംസാരിച്ചു. അഹങ്കാരം കൊണ്ട് അത് തടസ്സപ്പെടുത്താൻ അവൾ അനുവദിച്ചില്ല. ഉദാരമായ സമ്മാനങ്ങൾ നൽകുക, മറ്റൊരു നേതാവിനെ ബഹുമാനിക്കുക, നന്ദിയുള്ളവളായിരിക്കുക തുടങ്ങിയ അവളുടെ പ്രവൃത്തികൾ അവൾക്ക് ദയയും മാന്യവുമായ ഒരു ഹൃദയമുണ്ടെന്ന് കാണിക്കുന്നു.

ജിജ്ഞാസയുള്ളവരായിരിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നത് നല്ലതാണ്.

ജ്ഞാനികളായവരെ നാം ബഹുമാനിക്കുകയും അവരിൽ നിന്ന് പഠിക്കുകയും വേണം.

നമ്മൾ മഹാന്മാരോ ശക്തരോ ആണെങ്കിൽ പോലും എളിമയും സത്യസന്ധതയും ഉള്ളവരായിരിക്കണം.

ഉദാരതയും കൃതജ്ഞതയും ഒരു നല്ല നേതാവിന്റെ അടയാളങ്ങളാണ്. ജ്ഞാനിയും ധൈര്യശാലിയും കൃപ നിറഞ്ഞവളുമായ ഒരു സ്ത്രീയുടെ അത്ഭുതകരമായ മാതൃകയാണ് ശെബയിലെ രാജ്ഞി.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എറണാകുളം പബ്ലിക് റിലേഷൻസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജൂറിസ്റ്റ്കോൺ 2025 ലീഗൽ കോൺഫറൻസിൽ പങ്കെടുത്ത ജില്ലയിലെ മലങ്കരസഭാമക്കളായ നിയമവിദഗ്ദർ പരിശുദ്ധ കാതോലിക്കാ ബാവായ്ക്കൊപ്പം.



DIOCESE OF UK, EUROPE & AFRICA.UK Youth & Family Conference 2025 at University of Nottingham.



കോട്ടയം എം.ഡി. സെമിനാരി മാനേജരായി നിയമിതനായ ഫാ. ബ്രിജിത് കെ. ബേബി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

വാങ്ങിപ്പിനുശേഷം മൂന്നാം ഞായർ

(വി. മത്തായി 17:22-27)



ഫാ. മോൻസി ഫിലിപ്പ്

ഇന്നത്തെ വേദഭാഗം വി. മത്തായി 17:22-27 വരെ. യേശുതമ്പുരാൻ തന്റെ പീഢാമരണത്തേയും മൂന്നാം ദിവസത്തെ ഉയിർപ്പിനെക്കുറിച്ചും ശിഷ്യന്മാരോട് മുൻകൂട്ടി പറയുന്നു. ശിഷ്യന്മാർ ദുഃഖിക്കുന്നു. തുടർന്ന് കഫർന്നഹൂമിൽ വച്ച് ചുങ്കം പിരിക്കുന്നവർ ശിഷ്യന്മാരെ സമീപിച്ച് ചുങ്കം ആവശ്യപ്പെടുന്നു. കർത്താവ് ഇതൊക്കെ നിരീക്ഷിച്ചിട്ട് നടത്തുന്ന പ്രസ്താവനകളുമാണ് വേദ ഭാഗ സാരാംശം. ഈ വേദഭാഗത്തെ രണ്ടായി വിഭജിക്കാം.

1. യേശു തന്റെ മരണം, ഉയിർപ്പ് എന്നിവ പ്രഖ്യാപിക്കുന്നു.
2. ദേവാലയ നികുതിയെപ്പറ്റിയുള്ള സംഭവത്തിലൂടെ സ്വാതന്ത്ര്യവും വിന യവും പഠിപ്പിക്കുന്നു.

ഇവ രണ്ടും കൂടി പരിശോധിക്കുമ്പോൾ ക്രിസ്ത്യാനികളുടെ ജീവിതര ഹസ്യം നമുക്ക് കാണാം.

1. കുരിശ് വഴിയാണ് ഉയിർപ്പ്
2. സ്വാതന്ത്ര്യത്തോടൊപ്പം വിനയം

വേദഭാഗ ചിന്തകൾ

(1) ക്രിസ്തുവിന്റെ പ്രവചനം - തന്റെ മരണംസ ഉയിർപ്പ്

വി. മത്തായി 1722-23

യേശുവും ശിഷ്യന്മാരും ഗലീലയിൽ സഞ്ചരിക്കുമ്പോൾ മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏൽ്േപ്പിക്കപ്പെടുവാറായിരിക്കുന്നു. അവർ അവനെ കൊല്ലുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്ന ക്രിസ്തുവിന്റെ പ്രവചനം. യേശു രണ്ടാം തവണയും ശിഷ്യന്മാർക്ക് തന്റെ പീഢാമരണം, ഉയിർപ്പും വെളിപ്പെടുത്തുന്നു. ഒന്നാമത്തെ പ്രഖ്യാപനം വി. മത്തായി 16:21-ൽ കാണാം.

തന്റെ മരണവും ഉയിർപ്പും മുൻകൂട്ടി ശിഷ്യരെ അറിയിക്കുന്നു.

"യേശു പല പ്രാവശ്യം തന്റെ മരണത്തെ മുൻകൂട്ടി പറഞ്ഞത് സംഭവിക്കു മ്പോൾ ശിഷ്യരുടെ വിശ്വാസം തകർന്നു പോകാതെയിരിക്കാൻ വേണ്ടിയാണ്."

വി. സെന്റ് ജോൺ ക്രിസോസ്റ്റം

മനുഷ്യജീവിതത്തിലും കഷ്ടതകൾ സഹിക്കേണ്ടി വരും എന്നാൽ കുരി ശില്ലാതെ ഉയിർപ്പ് ഇല്ല എന്ന് ഓർമ്മിക്കണം. കുരിശിലൂടെ മാത്രമേ ഉയിർപ്പും മഹത്ത്വവും ലഭിക്കുകയുള്ളു. നമ്മുടെ ആത്മീയ ജീവിതം

1. കുരിശിന്റെ യാഥാർത്ഥ്യം
2. ഉയിർപ്പിന്റെ പ്രത്യാശ

ഇവയിൽ ആരാനുമായി ആയിരിക്കണം.

വി. മാമോദീസായിലൂടെ നാം ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളികളാകുന്നു. റോമർ 6:3-4.

പഴയ മനുഷ്യൻ മരിക്കുന്നു. പുതുമനുഷ്യൻ ഉയിർക്കുന്നു

വി. കുർബാനയിൽ കുരിശും ഉയിർപ്പും നാം അനുഭവിക്കുന്നു.

അപ്പം - വീഞ്ഞിന്റെ രൂപത്തിൽ ജീവന്റെ അന്നം നമ്മേ ഉയിർപ്പിന്റെ ജീവി തത്തിലേക്കു നയിക്കുന്നു.

കൗദാശീകമായ അനുഭവങ്ങളിലൂടെ ക്രിസ്തു ഏറ്റ പീഢകൾ എനിക്കും നിനക്കുമെന്ന തിരിച്ചറിവ് രക്ഷയിലേക്ക് നയിക്കുന്നു.

"കുരിശും ഉയിർപ്പും കൊണ്ട് മനുഷ്യരെ അവൻ ദൈവസന്താനങ്ങളാക്കി."

1. കുരിശിൽ ദൈവപുത്രൻ മരിക്കുന്നു.
2. ഉയിർപ്പിൽ മനുഷ്യരാശിക്ക് അമരത്വം ലഭിക്കുന്നു.

"ക്രിസ്തു കുരിശിലൂടെ നമ്മേ രക്ഷിച്ചു; അതിനാൽ നാമും തന്റെ കുരി ശിനെ ഏറ്റെടുത്തേ യേശുവിനെ പിന്തുടരാൻ കഴിയൂ."

കുരിശ് - ദുഃഖത്തിന്റെ വഴിയാണ്

ഉയിർപ്പ് - അമരത്വത്തിന്റെ പ്രത്യാശയാണ്.

(2) ശിഷ്യരുടെ ദുഃഖം - മനുഷ്യാവസ്ഥ

വി. മത്തായി 17:23

ക്രിസ്തു തന്റെ മരണത്തേക്കുറിച്ചും ഉയിർപ്പിനെക്കുറിച്ചും പറഞ്ഞപ്പോൾ ശിഷ്യന്മാർ ദുഃഖിച്ചു. അവർ മനസ്സിലാക്കിയാൽ കുരിശിന്റെ മാത്രം എന്നാൽ ഉയിർപ്പിന്റെ ജയം അവർ കണ്ടില്ല.

"മനുഷ്യരുടെ മനസ്സ് പലപ്പോഴും കുരിശിനെ മാത്രം കാണുന്നു. ഉയിർപ്പിന്റെ മഹത്വം മറക്കുന്നു."

ഇതാണ് സത്യം.മൂന്നാം ദിനം ഉയിർപ്പുണ്ട് ഓർക്കണം. ദുഃഖം സന്തോ ഷമായി മാറും തീർച്ച.

ശിഷ്യന്മാർ ആദ്യം പേടി അനുഭവിച്ചവർ; എന്നാൽ ഉയിർപ്പ് കണ്ടപ്പോൾ അവർ ലോകത്തെ ജയിച്ചവർ ആയി." - സെന്റ് അഗസ്റ്റിൻ.

ജയം ഉയിർപ്പിലൂടെയാണ്. അതിന് കഷ്ടതകൾ അനിവാര്യമാണ്. ജീവിത ത്തിൽ സുഖം മാത്രമല്ല. ദുഃഖം കൂടിയുണ്ട്. ആദ്യം കയ്ക്കും പിന്നെ അതു മധുരിക്കും. ഇന്നും നമ്മൾ പലപ്പോഴും പരീക്ഷണങ്ങളേയും, രോഗങ്ങളേയും നഷ്ടങ്ങളേയും ദുഃഖമായി മാത്രം കാണുന്നു. എന്നാൽ ക്രിസ്തു നമ്മോട് പറയുന്നത് ഇങ്ങനെയാണ്.

"ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു."

വി. യോഹന്നാൻ 16:33

"ദുഃഖത്തിൽ പ്രത്യാശ നഷ്ടപ്പെടരുത് - ഉയിർപ്പ് വരും."

"സന്ധ്യയിങ്കൽ കരച്ചൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു." സങ്കീ. 30:5.

(3) ദേവാലയ നികുതി - മക്കൾ സ്വതന്ത്രർ- അത്ഭുത മീനും, നാണ യവും

വി. മത്തായി 17:24-27

നികുതി പിരിക്കുന്നവർ പത്രോസിനോട് നിങ്ങളുടെ ഗുരു ദിദ്രഹ്മ പണം കൊടുക്കുന്നില്ലയോ എന്ന് ചോദിച്ചു. ഉവ്വ് എന്ന് ഉത്തരം. വീട്ടിൽ വന്നപ്പോൾ പത്രോസ് ഈക്കാര്യം പറയുന്നതിനു മുന്നേ യേശുവിന്റെ ചോദ്യം. ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോട് വാങ്ങുന്നു? പുത്രന്മാരോടോ അന്യ രോടോ എന്നു ചോദിച്ചു. അന്യരോട് എന്ന് ഉത്തരം. യേശു എന്നാൽ പുത്ര ന്മാർ ഒഴിവുള്ളവരല്ലോ. എങ്കിലും ഇടർച്ച വരുത്താതിരിക്കുവാൻ കടലിൽ ചൂണ്ടൽ ഇട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്കുക. അതിന്റെ വായ് തുറക്കു മ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും. അത് എടുത്തു എനിക്കും നിനക്കും

വേണ്ടി കൊടുക്ക എന്നു പറഞ്ഞു.

ദേവാലയ നികുതി:-

20 വയസ്സ് പൂർത്തിയാകുന്ന ഓരോ യഹൂദനും ദൈവാലയത്തിന് നികുതി നൽകേണ്ടതാണ് (പുറ. 30:11-16, 38:25-26). ഭാരിച്ച ചിലവുകളുള്ള യെറുശലേം ദൈവാലയത്തിന്റെ സുഗമമായ നടത്തിപ്പിന് അത് ആവശ്യമായിരുന്നു. അരശേക്കൽ പണം പ്രതിവർഷം നൽകേണ്ടിയിരുന്നു. ഇത് ഒരാളിന്റെ രണ്ട് ദിവസത്തെ വേതനം ആണ്. അര ശേക്കൽ രണ്ട് ഗ്രീക്ക് ദ്രഹ്മയ്ക്ക് തുല്യം. അരശേക്കൽ ഏതാണ്ട് ഒരു രൂപായാണ്. ഓരോ വർഷവും ആദാർമാസം (മാർച്ച്) 25-ാം തീയതി കൊടുക്കേണ്ടിയിരുന്നു. ദ്വിദ്രഹ്മപ്പണം എന്നും അതിനു പേർ പറയും. ഈ നികുതിയാണ് കർത്താവ് നൽകേണ്ടിയിരുന്നത്.

ചുങ്കം - സാധനങ്ങളുടെ മേലുള്ള കരം

തലവരി - ആളുകളുടേയും വസ്തുക്കളുടേയും കരം.

മക്കൾ സ്വതന്ത്രർ:-

യേശുതമ്പുരാൻ ദൈവപുത്രനായതിനാൽ നികുതി കൊടുക്കേണ്ടതില്ലായിരുന്നു.

യേശു ദൈവപുത്രൻ, തന്റെ ശിഷ്യന്മാർ ദൈവരാജ്യത്തിന്റെ മക്കൾ, ആ സ്ഥിതിക്ക് ഈ നിയമം അവർക്ക് ബാധകമല്ല. എങ്കിലും നാം അവരെ വിരുദ്ധപ്പെടുത്തേണ്ട എന്ന പഠിപ്പിക്കൽ.

"യേശു എല്ലാറ്റിലും സ്വതന്ത്രനായിരുന്നു എങ്കിലും സ്നേഹത്താൽ വിനയത്തോടെ വഴങ്ങി, മറ്റുള്ളവർ ഇടറാതിരിക്കുവാൻ"

സെന്റ് സിറിൾ ഓഫ് അലക്സാന്ത്രിയ

യേശു പഠിപ്പിക്കുന്നത് സ്വാതന്ത്ര്യം സ്നേഹത്താൽ നിയന്ത്രിക്കപ്പെടണം എന്നാണ്.

"എന്നാൽ നിങ്ങളുടെ ഈ സ്വാതന്ത്ര്യംബലഹീനന്മാർക്കു യാതൊരു വിധത്തിലും തടങ്ങൽ ആയി വരാതിരിപ്പാൻ നോക്കുവിൻ."

1 കൊരി. 8:9

ദൈവരാജ്യത്തിന്റെ പുത്രന്മാർ നിയമത്തിന്റെ അടിമകളല്ല, കൃപയുടെ സ്വാതന്ത്ര്യത്തിലാണ് ഓർക്കണം. ക്രിസ്തു ഇവിടെ ഇടർച്ച വരുത്താതിരിക്കാൻ വിനയം മാതൃകയാക്കുവാൻ പഠിപ്പിക്കുന്നു. "വിനയം അനുസരിച്ച് വിശ്വാസി തന്റെ അഹങ്കാരം ത്യജിച്ച് ദൈവത്തിനു മുമ്പിൽ വിനയപ്പെടണം. അപ്പോൾ

"അങ്ങനെ നീ ഇനി ദാസനല്ല പുത്രനത്രേ; പുത്രനെങ്കിലോ ദൈവഹിതത്താൽ അവകാശിയും തന്നേ." ഗലാത്യർ 4:7.

"ക്രിസ്തുവിൽ ദൈവത്തിന്റെ മക്കളായ നാം ഇനി നിയമത്തിന്റെ അടിമകളല്ല; കൃപയിൽ ജീവിക്കുന്നവരാണ്." - സെന്റ് സിറിൾ ഓഫ് അകല്സാന്ത്രിയ.

അത്ഭുത മീനും നാണയവും

പത്രോസ് കടലിൽ പോകുന്നു മീനിന്റെ വായിൽ നാണയം കിട്ടുന്നു. ഇത് ചെറിയ കാര്യമായിരിക്കാം. വലിയ സന്ദേശമുണ്ട്. ദൈവം അസാധാരണമായ വഴികളിൽ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റും. വിശ്വാസി ദൈവത്തിന്റെ കരുതലിൽ ആശ്രയിച്ച് ജീവിക്കണം.

"അവൻ ആകാശം, നിലം, സമുദ്രം എല്ലാം തന്റെ കൈകളിൽ പിടിച്ചിരിക്കുന്നു. മീൻ പോലും അവന്റെ കല്പന കേൾക്കുന്നു." - സെന്റ് എഫ്രേം ദി സിറിയൻ.

ജീവിതത്തിൽ പലപ്പോഴും "എങ്ങനെയാണ് എന്റെ പ്രശ്നം പരിഹരിക്കുക" എന്ന് നാം ചിന്തിക്കാം. പക്ഷേ ദൈവം അനുദിനം നമ്മേ ഓർമ്മിപ്പിക്കുന്നു.

"ഞാൻ കരുതും, വിശ്വാസത്തോടെ നീ മുന്നോട്ട് പോകുക."

27-ാം വാക്യത്തിൽ നിന്നും പ്രായോഗിക പാഠങ്ങൾ

1. ലൗകിക കാര്യങ്ങളിൽ നിയമപരമായി പിടിച്ചുനിൽക്കുവാൻ പഴുതുകളുണ്ടെങ്കിലും അതൊരു കലഹത്തിന്റെ കാരണമാകുമെങ്കിൽ വിട്ടുവീഴ്ച മനോഭാവം കാണിക്കണം.

2. ദൈവാലയ ഭാഗം കൊടുക്കാതിരുന്നാൽ, ദൈവാലയത്തിനു താൻ എതിര് എന്ന പ്രചരണവും, ജനമദ്ധ്യേ കലഹവും.

3. ചൂണ്ടയിട്ട് മീൻ പിടിക്കാനുള്ള നിർദ്ദേശം. അവനവൻ പരിചയിച്ച തൊഴിൽ- കർത്തൃ നിർദ്ദേശാനുസരണം നിർവ്വഹിക്കുമ്പോൾ അത്ഭുതകരമായ ഫലം സിദ്ധിക്കും.

4. പ്രകൃതിക്കും ഉടയവൻ പ്രകൃതിക്കതീതമായി പ്രവൃത്തിക്കും. മത്സ്യത്തിന്റെ ഉള്ളിൽ എസ്തീറാ (നാലു സുധാ - ഒരു ശേക്കൽ)

5. "എനിക്കും നിനക്കുമായി" കൊടുക്കുക ശീമോനു വേണ്ടതും കർത്താവ് കരുതുന്നു.

സന്ദേശങ്ങൾ

1. കുരിശില്ലാതെ ഉയിർപ്പ് ഇല്ല - ദുഃഖത്തിൽ പ്രത്യാശ പിടിച്ചു നിൽക്കുക.

2. സ്വാതന്ത്ര്യം സ്നേഹത്താൽ നിയന്ത്രിക്കുക-എന്റെ സ്വാതന്ത്ര്യം മറ്റൊരാളെ ഇടറിക്കരുത്

3. ദൈവത്തിന്റെ മക്കൾ - ഭയത്തിൽ അല്ല ആത്മവിശ്വാസത്തിൽ ജീവിക്കുക.

4. ദൈവം കരുതും - മീനിന്റെ വായിലെ നാണയം പോലെ, ദൈവം അപ്രതീക്ഷിത വഴികളിൽ സഹായിക്കും.



ചാരുമൂട്ടിൽ പരുമല മെഡിക്കൽ സെന്റർ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ വെച്ച് 24 x 7 ലബോറട്ടറി, 24 x 7 കാഷ്വാലിറ്റി, റേഡിയോളജി എന്നീ വിഭാഗങ്ങളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു.



ചെങ്ങന്നൂർ ഭദ്രാസനം സംഘടിപ്പിച്ച മാർ അത്താനാസിയോസ് അനുസ്മരണ സമ്മേളനവും മെറിറ്റ് അവാർഡ് വിതരണവും. 2025 ഓഗസ്റ്റ് 24 ഞായർ, ബഥേൽ അരമന, ചെങ്ങന്നൂർ.

Church Calendar



Third Sunday after the Festival of the Dormition of St. Mary

Fr Aaron Joshua John

The Third Sunday after the Festival of the Dormition of St. Mary draws our attention to the cost of discipleship, the call to stewardship, and the righteousness God desires from those who follow Him. As the Church continues to reflect on the life and example of the Theotokos, this Sunday's lectionary readings move our gaze toward the deeper implications of spiritual maturity—obedience, humility, and responsible living in God's kingdom.

The Gospel readings and accompanying scriptural passages emphasize several core themes: the sanctity and challenge of relationships (particularly marriage), the seriousness of divine entrustment, the power of repentance, and the humility required of a faithful disciple. In this post-feast period, we are reminded that just as Mary gave her entire life in submission to God's will, so too are we called to live lives wholly directed toward Christ, bearing the fruits of obedience and faithfulness.

1. God's Call to Responsibility and Faithful Stewardship

The Gospel reading for the morning (Luke 19:11–27) presents the parable of the minas, where a nobleman entrusts his servants with resources before departing, expecting them to invest and produce fruit. This parable, closely connected to themes of judgment and accountability, shows that each believer is entrusted with gifts, time, and responsibility for the kingdom of God. The servant who buries the mina and fails to invest is condemned not only for inaction but for misunderstanding the nature of the master—he views him as harsh rather than gracious. This reflects a spiritual attitude of fear, paralysis, and spiritual laziness. In contrast, those who faithfully steward what is given are rewarded with greater responsibility and joy.

In connection, the readings before the Holy Qurbana, particularly Ezekiel 18:21–24, reinforce the idea that God does not delight in the death of the sinner but in repentance and righteousness. Even one who was formerly wicked can live if they turn back and act righteously. This is the call of Christian stewardship: not mere maintenance, but active transformation and return to God's purposes. Mary, the Mother of God, becomes a living icon of this stewardship, responding to God's Word with full obedience: "Behold, I am the handmaid of the Lord" (Luke 1:38). Her life is a model of saying yes to God's mission and carrying it forward in the world.

2. Humility and Obedience as the Pathway of the Disciple

The Gospel of St. Matthew 19:1–12 and 17:22–27, reveal deeper aspects of Christian discipleship: the sanctity of human relationships, the humility of submission, and the quiet power of obedient love. In Matthew 19, Jesus teaches on the permanence of marriage, challenging both the casual dismissal of commitment and the hardness of human hearts. This reveals that divine commandments are not arbitrary rules but invitations to live in the fullness of truth and fidelity. Christ's words point back to the original intention of God in creation: a relationship grounded in love, self-giving, and lifelong faithfulness.

In Matthew 17:22–27, we encounter the humble obedience of Jesus in the matter of paying the temple tax. Though as Son of God He is exempt, He chooses not to offend, and provides the coin miraculously. This incident is full of theological meaning: Christ, though Lord of all, humbles Himself under human systems to maintain peace and witness. His life is a fulfilment of what Paul teaches in II Corinthians 10:1–7, that true strength is found in gentleness, and real power comes from God's authority, not human pride. The example of Mary once again shines through here. Her obedience was not loud or demanding but was quietly steadfast. In a world that prizes ambition and dominance, the Gospel calls us to humility, restraint, and obedience, which reflect true discipleship. This Sunday, as we continue to meditate on the Dormition of St. Mary, we are drawn deeper into the mystery of responsible discipleship. The readings present a challenge and an invitation: to take seriously what has been entrusted to us, and to live with humility and active faithfulness. Mary's life continues to echo through the Church's journey, not simply as a moment of historical glory, but as a pattern for the Christian life. Her obedience, humility, and stewardship of God's Word within her are the very qualities Christ asks of His followers.

Let us therefore examine our lives: Are we investing our minas in the work of the Kingdom? Are we humble enough to obey, even when no one sees? Are we walking in righteousness, repenting when we fall, and pressing forward in trust? May the intercession of the Theotokos guide us to say with our lives, as she did with hers: "Let it be to me according to Your word." ❑



ഫാ. പി. കെ ജോർജ് പുത്തേത്തുകുടി അന്തരിച്ചു

മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദീകനും, കരിപ്പക്കുന്ന് മാർ ബസ്സേലിയോസ് ഓർത്തഡോക്സ് പള്ളി ഇടവക അംഗവുമായ ഫാ. പി. കെ ജോർജ് പുത്തേത്തുകുടി (88) അന്തരിച്ചു. സംസ്കാരം കരിപ്പക്കുന്ന് മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളിയിൽ നാളെ നടക്കും.

സംസ്കാര ശുശ്രൂഷയ്ക്ക് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിക്കും. മെത്രാപ്പോലീത്താമാരായ യൂഹാനോൻ മാർ പോളികാർപോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നിവർ സഹകാർമികത്വം വഹിക്കും.

ഭാര്യ: പരേതയായ കണ്ടത്തിൽ പുത്തൻപുരയിൽ എലിസബത്ത്.

മക്കൾ: ജാൻസി ജോയ്, കുര്യാക്കോസ് എൽദോ, ജോൺ പി. ജോർജ്.

രക്തമില്ലാത്ത മാംസം

(നാം എല്ലാവരും കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടെന്നും എന്നാൽ അതേ പ്രാർത്ഥന ദയ കാട്ടാൻ പഠിക്കണം)

ഫാ. അജീഷ് ബാബു

പൂക്കളെ ഇഷ്ടപ്പെടാത്ത ആരും തന്നെയില്ല . തന്നെ സമീപിക്കുന്ന മനുഷ്യർക്ക് സുന്ദരാനുഭവം പങ്കിട്ട പൂവുകൾ ഒരു പരാതിയും പറയാതെ കൊഴിഞ്ഞു പോകുന്നു.

പൂക്കാലങ്ങൾ എത്ര കഴിഞ്ഞുപോയി, പൂക്കാലങ്ങൾക്ക് വേണ്ടി വിരിഞ്ഞ പൂവുകൾ കൊഴിഞ്ഞു പോയി. ഇനിയും ചെടികൾ തന്നിലൂടെ ഒരു പൂക്കാലത്തെ സൃഷ്ടിക്കാൻ പ്രതീക്ഷയോടെയാണ് നിൽക്കുന്നത്. ചില മനുഷ്യരുടെ ജീവിതം ഇങ്ങനെയാണ് ഒരു പൂക്കാലം ഒരുക്കിയിട്ട് ഒരു പരാതിയും പറയാതെ സാവധാനം കൊഴിഞ്ഞുപോകുന്നു. കിട്ടാതെ പോയ സ്ഥാനമാനമോ ധനസമൃദ്ധിയോ ഒരുകാലത്തും അവരിലൂടെ ഉണ്ടാകുന്ന വസന്തത്തിന് ഒരു തടസ്സമല്ല.

എത്ര പ്രതികൂലതകളിലും ജീവിതംകൊണ്ട് നിത്യമായ വസന്തത്തിന്റെ ഓർമ്മകൾ പറയുന്ന കഥാപാത്രമാണ് വെനീസിലെ വ്യാപാരി എന്ന ഷേക്സ്പിയർ കഥയിലെ 'പോർഷ്യ'. മാംസദാഹിയായ ഷൈലോക്കിനെ ഓർമ്മിപ്പിക്കുന്നത്,

'നാം എല്ലാവരും കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടെന്നും എന്നാൽ അതേ പ്രാർത്ഥന ദയ കാട്ടാൻ നമ്മെ പഠിക്കണം'.

ഷേക്സ്പിയറിന്റെ കഥകളുടെ പ്രത്യേകത മനുഷ്യന്റെ വൈകാരികഭാവങ്ങളെ ഓരോ കഥാപാത്രങ്ങളും അതിന്റെ തീവ്രതയിൽ പ്രകടമാക്കും. പോർഷ്യ നിലപാടുകളും തീരുമാനങ്ങളും ആ വൈകാരികതയിൽ നിന്ന് തന്നെയാണ്.

മാംസ കൊതിയന്മാർ

മാംസം അറുത്തു മാറ്റുന്നതിൽ കൂടി സന്തോഷം കണ്ടെത്തുന്ന ഷൈലോക്ക് എല്ലാ കാലത്തും മനുഷ്യനെ അപകടപ്പെടുത്തി സന്തോഷിക്കുന്നവരുടെ പ്രവർത്തികളാണ്. കൊല്ലുന്നതിനേക്കാൾ വികൃതമായ മനസ്സാണ് കൊല്ലുന്നത് കണ്ട് സന്തോഷിക്കുന്നത്. യേശുവിനെ ക്രൂശിക്കുന്നത് കണ്ട് സന്തോഷിക്കുന്ന മനുഷ്യർ തന്നെയാണ് ക്രൂരനായ ബറാബാസിനെ ആവശ്യപ്പെടുന്നത്.

അന്റോണിയോയുടെ ഒരു റാത്തൽ മാംസം കൂടിയേ തീരൂ എന്നു ശഠിച്ചപ്പോൾ അന്റോണിയോയുടെ ജീവൻ രക്ഷിക്കാൻ വേണ്ടി നിയമത്തെ ഒരല്പം മയപ്പെടുത്തണമെന്ന് അന്റോണിയോ യുവഅഭിഭാഷകനോട് അപേക്ഷിച്ചു. നിയമം ഒരിക്കൽ പ്രയോഗത്തിലായിക്കഴിഞ്ഞാൽ അതു ഭേദഗതി ചെയ്യാൻ പാടില്ലെന്നായിരുന്നു പോർഷ്യയുടെ കർക്കശ നിലപാട്. നിയമം മാറ്റാൻ പാടില്ലെന്ന് പോർഷ്യ പറയുന്നതു കേട്ടപ്പോൾ അവൾ തന്റെ പക്ഷം പിടിച്ചു വാദിക്കുകയാണെന്നാണ് ഷൈലോക്ക് ധരിച്ചത്. ബുദ്ധിമാനായ യുവ ന്യായാധിപൻ, "ഞാൻ നിങ്ങളെ എത്രയധികം ബഹുമാനിക്കുന്നു! പുറമേ കാണുന്നതിനേക്കാൾ എത്രയോ അധികം പ്രായമുള്ളയാളാണ് നിങ്ങൾ."

തനിക്ക് ആ പ്രമാണം കാണാൻ ആഗ്രഹമുണ്ടെന്ന് പോർഷ്യ ഷൈലോക്കിനെ അറിയിച്ചു. അതു വായിച്ച ശേഷം അവൾ പറഞ്ഞു: "ഈ കരാർ പിഴയൊടുക്കാനുള്ളതാണ്. ഇതനുസരിച്ച് നിയമപരമായി ജൂതന് ഒരു റാത്തൽ മാംസം അവകാശപ്പെടാം. അത് അന്റോണിയോയുടെ ഹൃദയത്തിന് ഏറ്റവും അടുത്തുനിന്ന് അയാൾക്ക് മുറിച്ചെടുക്കാം." പിന്നീട് കുറെയധികം വാഗ്വാദങ്ങളും അതിവൈകാരികമായ പ്രകടനങ്ങളും കോടതിയിൽ ഉണ്ടായി. അങ്ങനെ കുറേസമയം...



രക്തമില്ലാത്ത മാംസം

കോടതി മുറിയിൽ മനുഷ്യമാംസത്തിനുവേണ്ടി കൊതിയനായ ഷൈലോക്ക്, എന്നാൽ താൻ മറന്നുപോയി കരാറിൽ ദൈവത്തിന്റെ വഴികളെ. രക്തം വാർന്ന് മരിക്കാൻ സാധ്യതയുള്ളതിനെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ ന്യായാധിപൻ പറഞ്ഞു 'അത് കരാറിൽ രേഖപ്പെടുത്തിയിട്ടില്ലല്ലോ.'

ദുഷ്ടലക്ഷ്യപ്രാപ്തിയിൽ പരാജിതനായെന്നു കണ്ട ഷൈലോക്ക് കടുത്ത നിരാശയോടെയാണെങ്കിലും പണം സ്വീകരിച്ചുകൊള്ളാമെന്ന് പറഞ്ഞു. അപ്പോൾ അന്റോണിയോയുടെ അപ്രതീക്ഷിത മോചനത്തിലുണ്ടായ അളവറ്റ സന്തോഷത്തോടെ ബസാനിയോ വിളിച്ചുപറഞ്ഞു: "ഇതാ പണം!" എന്നാൽ അയാളെ തടഞ്ഞുകൊണ്ട് പോർഷ്യ ഇങ്ങനെ പറഞ്ഞു: "പതുക്കെ. ധൃതിയൊന്നുമില്ല. ജൂതന് പിഴയല്ലാതെ മറ്റൊന്നും കിട്ടുകയില്ല. അതുകൊണ്ട്, ഷൈലോക്ക് മാംസം മുറിച്ചെടുക്കാൻ ഒരുങ്ങിക്കൊള്ളൂ. എന്നാൽ ഓർമ്മ വേണം ഒട്ടും രക്തം വീഴരുത്. ഒരു റാത്തലിൽ കൂടുതലോ കുറവോ മുറിച്ചാൽ, തൂക്കംകൊണ്ട് കേവലം ഒരു കഴഞ്ചിന്റെ ഇരുപതിലൊന്നെങ്കിലും വ്യത്യാസമായാൽ, അതല്ല ഒരു തലനാരിഴയ്ക്കുപോലും ത്രാസ് തിരിഞ്ഞാൽ വെനീസിലെ നിയമപ്രകാരം നിങ്ങൾ വധിക്കപ്പെടും. നിങ്ങളുടെ വസ്തുവകകളെല്ലാം ഭരണകൂടത്തിലേക്ക് കണ്ടുകെട്ടുകയും ചെയ്യും."

എന്നും എനിക്ക് വസന്തകാലം മതി...

കരിയുന്ന മാംസത്തിന്റെ ഗന്ധം വസന്തകാലത്തില്ല.

വസന്തമാകുന്നു മനുഷ്യർ ഇങ്ങനെയാണ്, പരിസരങ്ങളെ എത്ര സൗന്ദര്യമുള്ളതാകുന്നു.

❑